VOL NO: 04 | ISSUE 08
www.nerpatham.com
mail@nerpatham.com

2020 FEBRUARY 22 | ₹12

# നേർപഥം

വാരിക



# മാനവ സാഹോദര്യത്തിന്റെ കേരളീയ പരിസരം

വിശ്വാസാചാര രംഗത്ത് കാർക്കശ്യം പുലർത്തുമ്പോൾ തന്നെ ഇതരരെ കലർപ്പില്ലാതെ ഉൾക്കൊള്ളാൻ കഴിയുക എന്നത് ആത്മാർഥതയുടെയും സ്നേഹത്തിന്റെയും പാരമ്യതയാണ്. വ്യത്യസ്ത മതങ്ങളും ദർശനങ്ങളും സാംസ്കാരികരീതികളും പിന്തുടരുമ്പോഴും എല്ലാവരെയും കളങ്കമറ്റ് സ്നേഹിക്കാൻ കഴിയുക എന്ന ഉദാത്ത ഗുണം പ്രാരംഭകാലം മുതൽ ജീവിതത്തിൽ പുലർത്തിയവരാണ് കേരളീയർ. മാനവസാഹോദര്യത്തിന്റെ ആ തെളിനീർധാരയിലേക്കാണ് ചിലർ വിഷം കോരിയൊഴിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

**ഇന്ത്യൻ ദേശീയതയും ഹിന്ദുത്വ ദേശീയതയും**
**ടിപ്പു സുൽത്താൻ: വിരോധത്തിന്റെ മതവും രാഷ്ട്രീയവും**
**ലോകമഹായുദ്ധവും ഫാഷിസ്റ്റ്, നാസിസ്റ്റ് ശക്തികളുടെ പതനവും**

## പ്രണയം മതപരിവർത്തനം ഇസ്‌ലാംവിരോധം

പരിശുദ്ധമായ ജിഹാദെന്ന പദത്തെയും വിവാഹപൂർവ പ്രണയത്തെയും കൂട്ടിക്കെട്ടി ഇസ്‌ലാമിനെ താറടിച്ചു കാണിക്കാനുള്ള ശ്രമങ്ങൾക്ക് വർഷങ്ങളുടെ പഴക്കമുണ്ട്. രാഷ്ട്രം അരക്ഷിതാവസ്ഥയിലൂടെ കടന്നുപോകുന്ന നിർണായകഘട്ടത്തിൽ വീണ്ടും ഈ ഇല്ലാക്കഥയുമായി റോന്തുചുറ്റുന്ന പുരോഹിതന്മാരുടെ ഉള്ളിലിരുപ്പ് സന്മനസ്സുള്ളവർക്ക് മനസ്സിലാവും.

GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600



# GREEN HOME

## Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

### Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8 (boys only )**

+91 9061716600
greenvalleyinstitutions@gmail.com

/greenvalleycampus

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**

0162 / 2020 ഫെബ്രുവരി 22 / 1441 ജുമാദൽ ആഖിറ 23 / പുസ്തകം 04 / ലക്കം 08

നേർപഥം
വാരിക



# മാനവ സാഹോദര്യത്തിന്റെ കേരളീയ പരിസരം

മുജീബ് ഒട്ടുമ്മൽ / 10

**മുഖമൊഴി**

ഇന്ത്യൻ ദേശീയതയും ഹിന്ദുത്വ ദേശീയതയും / 05
എഡിറ്റർ

**ലേഖനം**

പ്രണയം, മതപരിവർത്തനം, ഇസ്‌ലാംവിരോധം / 06
അബ്ദുൽ മാലിക് സലഫി

രണ്ടാം ലോകമഹായുദ്ധവും
ഫാഷിസ്റ്റ്, നാസിസ്റ്റ് ശക്തികളുടെ പതനവും / 18
ഡോ.സബീൽ പട്ടാമ്പി

അവധാനത / 23
അബ്ദുൽ ജബ്ബാർ മദീനി

ടിപ്പു സുൽത്താൻ: വിരോധത്തിന്റെ മതവും രാഷ്ട്രീയവും / 26
അൽത്താഫ് അമ്മാട്ടിക്കുന്ന്

ചില പരീക്ഷാചിന്തകൾ / 31
അർഷദ് അൽഹികമി

**വിവർത്തനം**

തൗഹീദുർറുബൂബിയ്യത്തിനെ കുറിച്ചുള്ള
സ്വൂഫി ചിന്താഗതികൾ / 16
ശൈഖ് സഅദ് ബിൻ നാസർ അശ്ശത്‌രി

**ക്വുർആൻ പാഠം**

ശ്രദ്ധിച്ചുകേൾക്കുക / 25
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

**ക്വുർആൻ ദർശനം**

മുൽക് (ആധിപത്യം), ഭാഗം: 5 / 32
അബ്ദുറഹ്‌മാൻ നാസിർ അസ്സഅദി

**ബാലപഥം**

സുന്ദരക്കാഴ്ചകൾ / 34
ഉസ്മാൻ പാലക്കാഴി

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# പണ്ഡിതന്മാർ അറിവിന്റെ പ്രചാരകരാവണം: വിസ്ഡം പ്രബോധക സംഗമം

മലപ്പുറം: സമൂഹത്തെ നേരായ വഴിയിൽ നയിക്കാനും പ്രാപ്തരാക്കാനും പണ്ഡിതന്മാർ അറിവിന്റെ പ്രചാരകരായി മാറണമെന്ന് സൗദി എംബസി അറ്റാഷെ ശൈഖ് നാസിർ ബദ്ർ അൽബുജൈദി അൽഅനസി പ്രസ്താവിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സമിതി ജാമിഅ അൽഹിന്ദിൽ സംഘടിപ്പിച്ച സംസ്ഥാന പ്രബോധക സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇസ്‌ലാം വിജ്ഞാന സമ്പാദനത്തിനും പ്രചാരണത്തിനും വലിയ പ്രാധാന്യം നൽകുകയും അത് പുണ്യപ്രവൃത്തിയാണെന്ന് പഠിപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വിജ്ഞാനത്തിലൂടെ മാത്രമെ ഉത്തമ സമൂഹത്തെ വാർത്തെടുക്കാൻ സാധിക്കൂ. സാമൂഹ്യ ജീർണതകൾ വിപാടനം ചെയ്യാൻ പ്രമാണങ്ങൾ അടിസ്ഥാനമാക്കിയുള്ള വൈജ്ഞാനിക പ്രചാരണം ശക്തമാക്കണമെന്നും അദ്ദേഹം പറഞ്ഞു.

സാഹോദര്യവും കരുണയും ഇസ്‌ലാമിന്റെ മുഖമുദ്രയാണ്. സഹിഷ്ണുതയിലൂന്നിയ സാമൂഹിക ജീവിതമാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്നത്. തീവ്രവാദവും അനീതിയും ഇസ്‌ലാം കർശനമായി വിലക്കുന്നതാണെന്നും അദ്ദേഹം ഓർമിപ്പിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെയും ജാമിഅ അൽഹിന്ദിന്റെയും ക്ഷണപ്രകാരം ഹ്രസ്വ സന്ദർശനാർഥം ആദ്യമായാണ് അദ്ദേഹം കേരളത്തിലെത്തുന്നത്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡണ്ട് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ അധ്യക്ഷനായിരുന്നു. പരിപാടിയിൽ ശൈഖ് അബ്ദുൽ മുഈദ് അൽമദനി ഡൽഹി, ഡോ: ആർ.കെ നൂർ മദനി ചെന്നൈ, ഫൈസൽ മൗലവി, ഹംസ മദീനി, അബ്ദുൽ മാലിക് സലഫി, ശമീർ മദീനി, അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ജാമിഅ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തെരഞ്ഞെടുത്ത പ്രബോധകർ പങ്കെടുത്തു.

## സ്റ്റേറ്റ് ഗേൾസ് ഗാതറിംഗ് സംഘടിപ്പിച്ചു

കോഴിക്കോട്: വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷനു കീഴിൽ മാർച്ച് 13,14,15 തീയതികളിൽ കരുനാഗപ്പള്ളിയിൽ വെച്ച് നടക്കുന്ന 24ാമത് പ്രോഫ്‌കോൺ പ്രൊഫഷണൽ സ്റ്റുഡന്റ്സ് ഗ്ലോബൽ കോൺഫറൻസിന്റെ മുന്നോടിയായി സ്റ്റേറ്റ് ഗേൾസ് ഗാതറിംഗ് സംഘടിപ്പിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ് ഉദ്ഘാടനം ചെയ്തു. വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന വൈസ് പ്രസിഡന്റ് അസീൽ സി.വി അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് അർഷദ് താനൂർ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു.

പ്രോഫ്‌കോണിന്റെ മുന്നോടിയായുള്ള ജില്ലാ ഗേൾസ് മീറ്റ്, സ്പാർക്സ് ക്യാമ്പസ് മീറ്റ്, ക്യാമ്പസ് റൂട്ട്സ്, സന്ദേശ ദിനാചരണം, പ്രൊമാജിനേഷൻ കോമ്പിറ്റേറ്റീവ് ഇവന്റ്സ് തുടങ്ങിയ പദ്ധതികൾ സ്റ്റേറ്റ് ഗേൾസ് വിംഗ് ഭാരവാഹി നുബ്‌ല മഹ്ബൂബ് അവതരിപ്പിച്ചു. പഠനസെഷനുകളിൽ എ.പി മുനവ്വർ സ്വലാഹി, ശാഫി അൽഹികമി എന്നിവർ ക്ലാസെടുത്തു.

വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സെക്രട്ടറിമാരായ കെ.ഷബീബ്, ശമീൽ മഞ്ചേരി, കെ.കെ ജാബിർ, സുഹൈൽ പരപ്പനങ്ങാടി, സ്റ്റേറ്റ് ഗേൾസ് വിംഗ് ഭാരവാഹികളായ ഫൗസിയ കോട്ടക്കൽ, സന നജീബ് പി.പി തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

# ഇന്ത്യൻ ദേശീയതയും ഹിന്ദുത്വ ദേശീയതയും

> അഭിമാനത്തോടെ തലയുയർത്തി നിന്നിരുന്ന ഇന്ത്യയിന്ന് അപമാന ബോധത്താൽ തലതാഴ്ത്തി നിൽപാണ്.

'നിങ്ങൾ ദേശീയവാദിയാണെങ്കിൽ തീർച്ചയായും നിങ്ങൾക്ക് ഹിന്ദുവാകാതിരിക്കാനോ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഹിംസിക്കാതിരിക്കാനോ കഴിയില്ല' എന്ന ഒരാശയം നേരത്തെ തന്നെ സംഘപരിവാർ ഇവിടെ പ്രചരിപ്പിച്ചിട്ടുണ്ട്. ഈ പ്രചാരണം ചില ഘട്ടങ്ങളിലെങ്കിലും ജനങ്ങളെ സ്വാധീനിക്കുകയും വഴിതെറ്റിക്കുകയും ചെയ്തിട്ടുണ്ട്. അതേസമയം മതനിരപേക്ഷമായ ദേശീയതയുടെ യഥാർഥ ധാരയോട് ആശയപരമായി സംവദിക്കാനാവാതെ ഭീതിയുടെ ബീജങ്ങൾ പേറുന്ന കപടദേശീയത ചില ഘട്ടങ്ങളിൽ പിന്തിരിഞ്ഞ് പോയിട്ടുമുണ്ട്.

ഹിന്ദുത്വവാദികൾ വിഭാവനം ചെയ്തെടുത്ത ദേശീയത യഥാർഥ ദേശീയതയുമായി പ്രതിവർത്തിക്കുന്ന ചില തലങ്ങളുണ്ട്. ഒന്നാമതായി ഹിന്ദുത്വ ദേശീയത ഇസ്‌ലാം മതത്തോടും മുസ്‌ലിം സാമൂഹികതയോടുമുള്ള വിദ്വേഷത്തെ താത്വികവൽകരിക്കുന്നു. രണ്ടാമതായി ഹിന്ദുത്വ ദേശീയത ദുർബലമായ വൈകാരികതയെ അവലംബിക്കുന്നു. മൂന്നാമതായി അത് സമൂഹത്തിന്റെ ശാക്തീകരണത്തിനുപകരം ശിഥിലീകരണം സാധിക്കുന്നു. മറുവശത്ത് യഥാർഥമായ ദേശീയതയാവട്ടെ ഒരു മതത്തോടുമുള്ള ആഭിമുഖ്യമോ വിയോജിപ്പോ താത്വികമായി എടുക്കുന്നില്ല. തന്നെയുമല്ല ശക്തമായ യാഥാർഥ്യബോധത്തോടെ ദുർബല വൈകാരികതകളെ തീർത്തും മാറ്റിവെച്ചുകൊണ്ട് സമൂഹത്തെ കുറിച്ചു ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. അതോടുകൂടിത്തന്നെ സമൂഹത്തെ എല്ലാതരം ശിഥിലീകരണ ചിന്തകൾക്കുമതീതമായി ഏകോപിപ്പിക്കുകയും ചെയ്യുന്നു.

ഏതുകാലഘട്ടത്തിലും ഇസ്‌ലാമിനെക്കുറിച്ചുള്ള ഭീതി വ്യാപിപ്പിക്കുന്നതിൽ തെറ്റായ ചരിത്രം സുപ്രധാന ഉപാധിയായി വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. വിഭജനാനന്തര ഘട്ടത്തിൽ ഹിന്ദുത്വ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കെട്ടഴിച്ചുവിട്ട ചരിത്രത്തിന്റെ മുഖംമൂടിയണിയിക്കപ്പെട്ട നുണകൾ പ്രധാനമായും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കുറ്റാരോപണ വിധേയമാക്കുന്നവയായിരുന്നു. അത്തരം കുറ്റാരോപണങ്ങളിൽ കഴിഞ്ഞ നൂറ്റാണ്ടുകളിലെ മുസ്‌ലിം ഭരണകർത്താക്കൾ, സുൽത്താന്മാർ, വിവിധ നാട്ടുരാജ്യങ്ങളിൽ ഭരണം നടത്തിയ മുസ്‌ലിം ഭരണാധികാരികൾ എന്നിവരുമായൊക്കെ ബന്ധപ്പെടുത്തിയുള്ള പല കഥകളും ഉണ്ടായിരുന്നു. ഇന്ത്യയിൽ വിവിധ നൂറ്റാണ്ടുകളിലായി വിവിധയിടങ്ങളിൽ ഭരണം നടത്തിയ എല്ലാ മുസ്‌ലിം നാമധാരികളും പൊതുവായി ചെയ്ത ഒരേയൊരു കാര്യം ഇവിടുത്തെ ഹിന്ദുക്കളെ കൊന്നൊടുക്കുകയും ക്ഷേത്രങ്ങൾ തകർക്കുകയും ഈ നാടിന്റെ പാരമ്പര്യ ശേഷിപ്പുകളെ നാമാവശേഷമാക്കുകയുമാണ് എന്ന് ചിലർ പ്രചരിപ്പിച്ചു. സവർണ ഹിന്ദുക്കളുടെ സാമൂഹ്യഭീതിയിൽ നിന്നാവിർഭവിച്ച പ്രത്യേകതരം വിദ്വേഷം പിൽക്കാലത്ത് കൃത്രിമമായ ചരിത്രനിർമാണത്തോളം വികസിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിൽ ദേശീയതയുടെ മറപിടിച്ചു വളർന്നുവന്ന മതവിദ്വേഷം കൃത്രിമ കഥകളുടെയും ഊഹാപോഹങ്ങളുടെയും വിതരണത്തിന് സുഗമമായ പശ്ചാത്തലമായിത്തീർന്നു.

ഇസ്‌ലാം വിരോധത്തിലൂന്നിയ ഹിന്ദുത്വ ദേശീയതാവാദത്തിന്റെ ഉൽപന്നമാണ് പൗരത്വ ഭേദഗതി ബില്ലും എൻ.ആർ.സിയും എന്നത് പകൽ പോലെ വ്യക്തമാണ്. ഹിന്ദുത്വ ദേശീയത ലക്ഷ്യമാക്കുന്നത് സവർണ മേൽക്കോയ്മയുടെ ദേശമാണ് എന്നിരിക്കെ ഇപ്പോൾ സർക്കാരിന്റെ തലോടലിൽ നിർവൃതികൊള്ളുന്ന മറ്റു മതങ്ങളുടെയും അവർണ ഹിന്ദുക്കളുടെയും ഭാവിയും അത്ര സുരക്ഷിതമല്ല എന്ന് അവർ മനസ്സിലാക്കുകയും ആത്മാർഥമായി മതേതര കക്ഷികളോടൊപ്പം ചേർന്ന് വർഗീയ ബില്ലിനെ ചെറുത്തു തോൽപിക്കാൻ മുന്നോട്ടുവരികയും ചെയ്യേണ്ടതുണ്ട്.

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

ലേഖനം



# പ്രണയം മതപരിവർത്തനം ഇസ്‌ലാംവിരോധം

ഏതായാലും കുറച്ചുകാലത്തേക്കെങ്കിലും ഇനി ഇസ്‌ലാം വിമർശകൻമാർക്ക് വിശ്രമിക്കാം. ഏതാനും വർഷങ്ങളായി മുസ്‌ലിംകളുടെ മനസ്സിനെ നോവിക്കാനും ഇസ്‌ലാമിനെ മോശമാക്കാനുമായി ജിഹാദിനെ പ്രണയവുമായി കൂട്ടിക്കെട്ടി ദുഷ്പ്രചാരണം നടത്തിയിരുന്ന സംഘപരിവാർ-ക്രിസ്ത്യൻ മിഷണറി കൂട്ടുകെട്ടിന് മൂർധാവിൽ കിട്ടിയ അടിയാണ് കേന്ദ്രസർക്കാർ ലൗ ജിഹാദുമായി ബന്ധപ്പെട്ട് പാർലമെന്റിൽ നടത്തിയ പ്രസ്താവന.

രാജ്യത്തെവിടെയും ലൗ ജിഹാദ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്നാണ് കേന്ദ്രസർക്കാർ ലോക്‌സഭയിൽ പറഞ്ഞത്. ബെന്നി ബെഹ്നാൻ എംപിക്കു നൽകിയ മറുപടിയിലാണ് കേന്ദ്ര സർക്കാരിന്റെ വിശദീകരണം. കേന്ദ്ര ഏജൻസികളൊന്നും ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. കേര

ളത്തിൽ രണ്ട് മിശ്രവിവാഹങ്ങൾ എൻഐഎ അന്വേഷിക്കുന്നുണ്ടെന്നും കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് ലോക്സഭയിൽ പറഞ്ഞു. ലൗ ജിഹാദിന് നിലവിലെ നിയമത്തിൽ വ്യാഖ്യാനങ്ങളില്ലെന്നും മന്ത്രി പറഞ്ഞു. കേരളത്തിൽ ലൗ ജിഹാദില്ലെന്ന് കേരള സംസ്ഥാന സർക്കാരും ഹൈക്കോടതിയും നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നു. എന്നാൽ വകതിരിവിന്റെ വിഷയത്തിൽ വട്ടപ്പൂജ്യമായ ചില ക്രിസ്ത്യൻ സഭകൾ ലൗ ജിഹാദ് ഉണ്ടെന്ന്, പൗരത്വ ഭേദഗതി നിയമം ഇന്ത്യയിൽ കൊടുങ്കാറ്റു തൊടുത്തുവിട്ട വേളയിൽ തന്നെ നിലപാടെടുത്തതോടെയാണ് ഇത് വീണ്ടും ഉയർന്നുവന്നത്. പുതിയ വിവാദങ്ങളുടെ പശ്ചാത്തലത്തിലാണ് എംപി ചോദ്യം ഉന്നയിച്ചത്. അതിലാണ് ഇത്തരക്കാരുടെ ദുരാരോപണങ്ങളെ തകർക്കുന്ന മറുപടി കേന്ദ്രം നൽകിയത്.

തങ്ങൾക്കിടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പല അരുതായ്മകളെയും മറച്ചുപിടിക്കാൻ വേണ്ടി സഭ കണ്ടെത്തിയ ഈ വക്രവഴി സിഎഎയിൽ പരുങ്ങി നിൽക്കുകയായിരുന്ന സംഘീ കൂടാരത്തിന് അൽപം ആശ്വാസം നൽകി. അങ്ങനെയാണ് കേരളത്തിൽ നടക്കുന്ന ലൗ ജിഹാദിനെതിരെ പിണറായി സർക്കാർ അടിയന്തര നടപടിയെടുക്കണമെന്ന് പറഞ്ഞ് ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷ രേഖാ ശർമ രംഗത്തെത്തിയത്. സംസ്ഥാനത്തു നിന്നും സ്ത്രീകളെ നിർബന്ധിത മതമാറ്റത്തിന് വിധേയമാക്കി മറ്റു രാജ്യങ്ങളിലേക്ക് കടത്തുന്നുണ്ടെന്നും രേഖാ ശർമ വ്യക്തമാക്കി. നിർബന്ധിത മതമാറ്റം, ലൗ ജിഹാദ്, രാജ്യം വിട്ട് പോകുന്ന സ്ത്രീകൾ എന്നീ വിഷയങ്ങളിൽ ഒരു വിശദമായ പഠനം നടത്തിയിട്ടുണ്ടെന്നും രേഖ ശർമ വ്യക്തമാക്കി. പക്ഷേ, രേഖയുടെ കയ്യിൽ ഒരു രേഖയും ഈ കാര്യത്തിലില്ല എന്നത് ആഭ്യന്തര മന്ത്രാലയത്തിന്റെ വിശദീകരണത്തോടെ വ്യക്തമായി. ഈ കലങ്ങിയ കുളത്തിൽ ചൂണ്ടയിടാൻ സെൻകുമാറും ചൂണ്ടയുമായി ഇറങ്ങി. എന്നാൽ കേരളത്തിന്റെ നിലവിലെ ഡിജിപി അത്തരം വാർത്തകളെ നിഷേധിച്ചതോടെ മുൻ ഡിജിപിയുടെ ചൂണ്ടയും കുളത്തിലായി!

2009ലാണ് ഒരു ഹിന്ദുത്വസംഘടനയുടെ ഓൺലൈൻ പേജിൽ കേരളത്തിൽ ലൗ ജിഹാദ് നടക്കുന്നുണ്ടെന്ന വ്യാജവാർത്ത ആദ്യമായി വരുന്നത്. പെൺകുട്ടികളെ മതം മാറ്റാനായി പ്രത്യേകം പരിശീലനം ലഭിച്ച യുവാക്കൾ വട്ടമിട്ട് പറക്കുന്നുണ്ടെന്നും ആയിരക്കണക്കിന് പെൺകുട്ടികളെ മതം മാറ്റി പാക്കിസ്ഥാനിലെ ചുവന്ന തെരുവിൽ വിൽക്കുന്നുണ്ടെന്നുമൊക്കെയായിരുന്നു കഥകൾ. റോമിയോ ജിഹാദ് എന്ന പര്യായപദവും അവർ അതിന് നൽകി. അത് ഹിന്ദുത്വസംഘടനകളും രാഹുൽ ഈശ്വറിനെ പോലുള്ളവരും ഏറ്റുപിടിച്ചു. കേരള കൗമുദിയും മലയാള മനോരമയും മാതൃഭൂമിയുമൊക്കെ അന്വേഷണ പരമ്പരകൾ തന്നെ പ്രസിദ്ധീകരിച്ചു. എന്നാൽ 2009 നവംബറിൽ അത്തരത്തിലുള്ള ആസൂത്രിത ശ്രമങ്ങളൊന്നും സംസ്ഥാനത്ത് നടക്കുന്നില്ലെന്നും അന്വേഷണം തുടരുകയാണെന്നും അന്നത്തെ ഡിജിപി ജേക്കബ് പുന്നൂസ് കേരള ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകി. മുസ്‌ലിം യുവാക്കളുമായി പ്രണയവിവാഹം നടത്തിയ പെൺകുട്ടികളുടെ രക്ഷിതാക്കൾ നൽകിയ പരാതിയിലായിരുന്നു ഹൈക്കോടതിയുടെ ഇടപെടൽ. എന്നാൽ പ്രണയവിവാഹവുമായി ബന്ധപ്പെട്ട ഒരു കേസ് പരിഗണിക്കുന്നതിനിടെ ഒരു തെളിവുമില്ലാതെ തന്നെ ലൗ ജിഹാദുണ്ടെന്ന തരത്തിലുള്ള നിരീക്ഷണം ജസ്റ്റിസ് കെ.ടി ശങ്കരൻ നടത്തിയതോടെ കേരളത്തിൽ ലൗജിഹാദ് വ്യാപകമാണെന്ന തരത്തിലുള്ള പത്രറിപ്പോർട്ടുകൾ സൃഷ്ടിക്കപ്പെട്ടു. എന്നാൽ 2010ൽ സമാനമായ കേസിൽ കർണാടക ഹൈക്കോടതി ലൗ ജിഹാദ് പ്രചാരണം ശരിയല്ലെന്ന് വിധിച്ചു. ലൗ ജിഹാദുമായി ബന്ധപ്പെട്ട വാർത്തകൾ നൽകിയ ഹിന്ദുത്വ വെബ്സൈറ്റിനെതിരായ പരാതി അന്വേഷിച്ച കേരള പോലീസ് രണ്ട് വർഷത്തെ അന്വേഷണത്തിന് ശേഷം 2012ൽ റിപ്പോർട്ട് സമർപ്പിച്ചു. ലൗ ജിഹാദ് ഒരു അടിസ്ഥാനവുമില്ലാത്ത പ്രചാരണമാണെന്നായിരുന്നു പോലീസിന്റെ അന്വേഷണ റിപ്പോർട്ട്. റിപ്പോർട്ട് അംഗീകരിച്ച ഹൈക്കോടതി കേസുകൾ തീർപ്പാക്കുകയും ചെയ്തു. അങ്ങനെ മൂന്ന് വർഷത്തോളം നീണ്ടു നിന്ന മുസ്‌ലിം



**ജിഹാദെന്ന പരിശുദ്ധമായ ഒരു പദത്തെയാണ് വിവാഹത്തിനു മുമ്പുള്ള പ്രണയമെന്ന അശ്ലീലവുമായി കൂട്ടിക്കെട്ടി ഇസ്‌ലാമിനെ വികൃതമാക്കുവാനും മുസ്‌ലിംകളെ അവമതിക്കുവാനും വേണ്ടി ചിലർ ഉപയോഗിച്ചിരിക്കുന്നത്. അത്തരക്കാരുടെ മുഖമാണ് ഇപ്പോൾ വികൃതമായിരിക്കുന്നത്. ഇസ്‌ലാമിന്റെ പ്രമാണങ്ങളോടും മുസ്‌ലിംകളോടും എത്രമാത്രം ഉൾപ്പക സംഘപരിവാറും ശിങ്കിടികളും വച്ചുപുലർത്തുന്നു എന്നുള്ളതിന് ഏറെയൊന്നും ഉദാഹരണങ്ങൾ ആവശ്യമില്ല.**

വിരുദ്ധ പ്രചാരണം അവസാനിപ്പിക്കാൻ മാധ്യമങ്ങളും സംഘപരിവാർ ശക്തികളും നിർബന്ധിതരായി. സമാനമായ പ്രചാരണ പ്രവർത്തനങ്ങൾ ഉത്തർപ്രദേശ് ഉൾപ്പെടെയുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും സംഘപരിവാർ നടത്തിയിരുന്നു.

'ലൗ ജിഹാദ്' വഴി ദക്ഷിണ കർണാടകയിലെ 3000 ഹിന്ദു പെൺകുട്ടികളും കർണാടകയിലുടനീളമായി 30,000 പെൺകുട്ടികളും തിരോധാനം ചെയ്യപ്പെട്ടു എന്ന് ഹിന്ദു ജനജാഗ്രതി തട്ടിവിട്ടു! തുടർന്ന് ഈ ആരോപണത്തെക്കുറിച്ച് ദക്ഷിണ കർണാടക പോലീസ് ഔദ്യോഗിക വിശദീകരണം നൽകുകയുണ്ടായി. 2009 സെപ്റ്റംബർ അവസാനം വരെ 404 പെൺകുട്ടികളെ മാത്രമാണ് കാണാതായതായി റിപ്പോർട്ട് ചെയ്തത് എന്നും അതിൽ 332 പേരെ കണ്ടെത്തിയതായും വിശദീകരിക്കപ്പെട്ടു. അവശേഷിക്കുന്ന 57 പേരിൽ വിവിധ മതക്കാർ ഉൾപ്പെടുന്നുണ്ടെന്നും പോലീസ് വ്യക്തമാക്കുകയുണ്ടായി.

ഇതിന്റെയൊക്കെ പര്യവസാനം എന്ന നിലയ്ക്കാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പ്രസ്താവന വന്നത്. അതോടുകൂടി ഈ വിമർശനങ്ങളുടെ മുഴുവനും മുനയൊടിഞ്ഞു എന്നു മാത്രമല്ല, മുസ്‌ലിംകൾക്കെതിരാണെങ്കിൽ എന്തു നുണയും തട്ടിവിടാം എന്ന സംഘപരിവാര, ക്രൈസ്തവ ലോബിയുടെ സ്വപ്നവുമാണിവിടെ പൊലിഞ്ഞത്. കേന്ദ്രം ഭരിക്കുന്നത് സംഘീ സർക്കാറാണ് എന്നത് പ്രത്യേകം ഓർക്കുക.

ആദർശ തെളിമ കൊണ്ട് മനുഷ്യർക്ക് ആശ്വാസം നൽകിക്കൊണ്ടിരിക്കുന്ന പരിശുദ്ധ ഇസ്‌ലാമിനെയും അത് ആദർശമായി സ്വീകരിച്ച് നാട്ടിൽ സമാധാനം പ്രചരിപ്പിക്കണമെന്ന് ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന മുസ്‌ലിംകളെയും മൊത്തത്തിൽ താറടിച്ചു കാണിക്കുവാനും അതുവഴി ഇസ്‌ലാമിന്റെ വളർച്ചയ്ക്ക് തടയിടുവാനും വേണ്ടി ഇസ്‌ലാം വിരുദ്ധർ കണ്ടെത്തിയതാണീ 'ലൗ ജിഹാദ്' എന്ന പദം തന്നെ. യഥാർഥത്തിൽ പ്രണയം നടിച്ച് ആളുകളെ ഇസ്‌ലാമിലേക്ക് ചേർക്കുക എന്നത് ഒരിക്കലും മതം അംഗീകരിക്കാത്ത കാര്യമാണ് എന്നത് എല്ലാവർക്കുമറിയാം. മാത്രമല്ല , വിവാഹത്തിനു മുമ്പുള്ള പ്രണയത്തെ ഇസ്‌ലാം നിഷിദ്ധമായി കാണുകയും ചെയ്യുന്നു.

ജിഹാദ് എന്ന പദം അതിമഹത്തായ അർഥങ്ങൾ ഉൾക്കൊള്ളുന്ന ഒരു വിശുദ്ധ പദമാണ്. അല്ലാഹുവിന്റെ മാർഗത്തിലുള്ള പരിശ്രമങ്ങൾ; അതെത്ര ചെറുതായാലും വലുതായാലും അതെല്ലാം ജിഹാദിന്റെ പരിധിയിൽ വരുന്നുണ്ട്. ശത്രുവിനെതിരെ വാളെടുത്ത് പോരാടൽ മാത്രമാണ് ജിഹാദ് എന്ന ധാരണ ശരിയല്ല. 13 വർഷത്തോളം പ്രവാചകൻﷺ മക്കയിൽ ജീവിച്ചിട്ടുണ്ട്. ആ കാലഘട്ടത്തിലും ജിഹാദ് ഉണ്ടായിരുന്നു. അവിടെ ഒരു സായുധസമരവും നടന്നിട്ടില്ല. വിശുദ്ധ ക്വുർആൻ കൊണ്ട് ഏറ്റവും വലിയ ജിഹാദ് നടത്തുവാനാണ് അന്ന് പ്രവാചകനോട് അല്ലാഹു കൽപിച്ചത്. (ക്വുർആൻ 25:52).

മതത്തിന്റെ മാർഗത്തിലുള്ള കഠിന പരിശ്രമങ്ങൾ തന്നെയായിരുന്നു മക്കയിൽ നടന്നത്. അതായിരുന്നു അവിടുത്തെ വലിയ ജിഹാദും. വിശുദ്ധ ക്വുർആനിൽ ജിഹാദ് എന്ന പദം പരാമർശിക്കപ്പെട്ട വചനങ്ങൾപരിശോധിച്ചാൽ ഇത്തരത്തിലുള്ള വിശാലമായ അർഥങ്ങൾ അതിനുണ്ടെന്ന് വ്യക്തമാവും.

സ്വന്തം മനസ്സിനെ ഇച്ഛകളുടെ തിന്മയിൽ നിന്ന് പിടിച്ചുനിർത്തലും നന്മയിൽ വർത്തിക്കലുമെല്ലാം ജിഹാദ് തന്നെയാണ്. ഇങ്ങനെയുള്ള പരിശുദ്ധമായ ഒരു പദത്തെയാണ് വിവാഹത്തിനു മുമ്പുള്ള പ്രണയമെന്ന അശ്ലീലവുമായി കൂട്ടിക്കെട്ടി ഇസ്‌ലാമിനെ വികൃതമാക്കുവാനും മുസ്‌ലിംകളെ അവമതിക്കുവാനും വേണ്ടി ചിലരിവിടെ പണിയെടുത്തിരുന്നത്. അത്തരക്കാരുടെ മുഖമാണ് ഇപ്പോൾ വികൃതമായിരിക്കുന്നത്. ഇസ്‌ലാമിന്റെ പ്രമാണങ്ങളോടും മുസ്‌ലിംകളോടും എത്രമാത്രം ഉൾപ്പക സംഘപരിവാറും ശിങ്കിടികളും വച്ചുപുലർത്തുന്നു എന്നുള്ളതിന് ഏറെയൊന്നും ഉദാഹരണങ്ങൾ ആവശ്യമില്ലല്ലോ. യഥാർഥത്തിൽ പൗരത്വ ഭേദഗതി നിയമത്തിന്റെ പിന്നിലും

ഈ വെറുപ്പിന്റെ ബഹിസ്ഫുരണമാണ് കാണുവാൻ സാധിക്കുക.

ജനങ്ങളെ മതപരമായി വിഭജിക്കുന്ന വിവാദ നിയമം കത്തിനിൽക്കുന്നതിനിടയിലാണ് 'സീറോ സഭ' വെറുപ്പിന്റെ അമിട്ടായ ലൗ ജിഹാദ് വീണ്ടും എടുത്ത് ജനമധ്യത്തിൽ ചർച്ചയാക്കിയത്. തങ്ങൾക്കിടയിൽ പുകഞ്ഞുകൊണ്ടിരിക്കുന്ന ആഭ്യന്തര പ്രശ്നങ്ങളെയും ലൈംഗിക വിവാദങ്ങളെയും സമൂഹത്തിൽ നിന്നും മറച്ചു വെക്കാൻ വേണ്ടി സഭാനേതൃത്വം കണ്ടെത്തിയ ഒരു കച്ചിത്തുരുമ്പ് മാത്രമാണിത്. പക്ഷേ, ഈയൊരു ദുരാരോപണം വലിയൊരു ബൂമറാങ്ങ് കണക്കെ തിരിച്ചെത്തുമെന്ന് അവർ കരുതിക്കാണില്ല. ആയുധം പോയി ഇളിഭ്യരായ സഭാനേതൃത്വം വീണ്ടും പഴയ ആരോപണത്തിൽ തന്നെ ഉറച്ചുനിൽക്കുന്ന ദയനീയ കാഴ്ചയാണ് വീണ്ടും നാം കാണുന്നത്. കൂടെ സംഘപരിവാരങ്ങളുമുണ്ട്; കഷ്ടം!

ഈ വിഷയത്തിൽ ഒരു ഇടയ ലേഖനവും ഇവർ ഇറക്കിയിരുന്നു. പക്ഷേ, തങ്ങളുടെ സഭക്കുള്ളിലുള്ള കുഞ്ഞാടുകൾ പോലും അതിനെ തള്ളുകയാണുണ്ടായത്. അതോടെ ഇക്കൂട്ടരുടെ മുഖം സമൂഹത്തിൽ കൂടുതൽ വികൃതമായി.

മുസ്ലിംകൾ ചില പ്രയാസങ്ങൾ അഭിമുഖീകരിക്കുന്നതിനിടയിൽ അവരെ കൂടുതൽ കുത്തി നോവിക്കുക എന്ന അജണ്ടയാണ് ഇത്തരം കുബുദ്ധികൾ എക്കാലത്തും പയറ്റിപ്പോന്നിട്ടുള്ളത്. ആഴ്ചകൾക്കു മുമ്പ് മറ്റൊരു പാതിരി തന്റെ വിവരക്കേടും വിദ്വേഷവും ഒന്നിച്ചു പുറത്തുവിട്ടതും നമ്മൾ കേൾക്കുകയുണ്ടായി. ടിപ്പുസുൽത്താനെ കുറിച്ചും മുസ്ലിംകളെ കുറിച്ചും വളരെ തെറ്റിദ്ധാരണ പരത്തുന്ന രീതിയിൽ കുറെ വിവരക്കേടുകളാണ് അയാൾ തട്ടിവിട്ടത്. വിഷലിപ്തമായ ഈയൊരു പ്രസംഗം പുറത്തുവിടുക വഴി ചില ലക്ഷ്യങ്ങൾ അവർ മുന്നിൽ കണ്ടിരിക്കാം.

പക്ഷേ, വിവാദമായപ്പോൾ കുമ്പസരിച്ച് തടി രക്ഷപ്പെടുത്തുവാനാണ് അച്ചൻ ശ്രമിച്ചത്. അവർക്ക് കുമ്പസാരം എല്ലാത്തിനും പരിഹാരമാണല്ലോ!

സത്യസന്ധമായി നേർക്കുനേരെ ഇസ്ലാമിനെ നേരിടുവാനും ഇസ്ലാമിക പ്രമാണങ്ങളെ വെല്ലുവിളിക്കാനും സാധിക്കാത്തവരാണ് ഇത്തരത്തിലുള്ള നിലവാരമില്ലാത്ത ആരോപണങ്ങളുമായി കടന്നുവരുന്നത്. ഇസ്ലാമിന്റെ വളർച്ചയെ ഇത്തരം ദുരാരോപണങ്ങൾ കൊണ്ട് തടയിടാനാവുമെന്നാണ് ഇവർ ധരിച്ചുവച്ചിരിക്കുന്നതെങ്കിൽ അതിന് ഏതായാലും ഇതുകൊണ്ട് കഴിയുകയില്ല എന്നതാണ് ഇസ്ലാമിന്റെ ചരിത്രം പഠിപ്പിക്കുന്നത്. എന്തു കളവുകൾ ഇസ്ലാമിനെതിരെ ആരൊക്കെ പ്രചരിപ്പിച്ചാലും അതിനെല്ലാം അൽപായുസ്സ് മാത്രമെ ഉണ്ടാവൂ. ഇന്നല്ലെങ്കിൽ നാളെ വസ്തുതകൾ പുറത്തുവരും എന്ന കാര്യത്തിൽ സംശയമില്ല.

സോഷ്യൽ മീഡിയ കരുത്താർജിച്ച ഈ കാലഘട്ടത്തിൽ അസത്യങ്ങൾക്ക് അൽപായുസ്സ് മാത്രമെ ഉണ്ടാവുകയുള്ളൂ എന്നത് എല്ലാവരും മനസ്സിലാക്കുന്നത് നന്ന്. കളവുകൾക്ക് ഒരിക്കലും പിടിച്ചുനിൽക്കാൻ പറ്റാത്ത ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് തന്നെ ഇസ്ലാം വിമർശകർ കൂടുതൽ മാന്യത കാണിക്കേണ്ട സന്ദർഭമാണിത്. ക്വുർആനെയും ഇസ്ലാമിനെയും ആർക്കും വിമർശിക്കാം. പക്ഷേ, സത്യസന്ധമായിരിക്കണം. അത്തരം വിമർശനങ്ങൾക്ക് മുസ്ലിംകളുടെ കയ്യിൽ ശക്തവും വ്യക്തവുമായ മറുപടികളും ഉണ്ട്.

ആ മറുപടികൾ മനുഷ്യമനസ്സുകളെ സ്വാധീനിക്കുന്നതാണ് താനും. അതുകൊണ്ടാണ് ഇസ്ലാമിലേക്ക് ആളുകൾ കൂട്ടംകൂട്ടമായി കടന്നുവരുന്നത്. 2070 ആകുമ്പോഴേക്കും ലോകത്തെ ഒന്നാമത്തെ മതം ഇസ്ലാം ആകുമെന്ന പ്രവചനത്തെ ഏറെ ഭയപ്പാടോടെയാണ് സംഘപരിവാറും ക്രൈസ്തവ സഭകളും കാണുന്നത് എന്ന് എല്ലാവർക്കുമറിയാം. പക്ഷേ, ഭയപ്പാട്കൊണ്ട് ഈ ശക്തിയുടെ പ്രകാശത്തെ തടുത്തുനിർത്താൻ അവർക്ക് കഴിയുകയില്ല. കേന്ദ്രസർക്കാർ പാർലമെന്റിൽ പറഞ്ഞിട്ടും കേന്ദ്ര ഏജൻസികൾ എല്ലാം തന്നെ അന്വേഷിച്ചിട്ടും കാണാത്ത ഒന്ന് പിന്നെയും യാതൊരു ലജ്ജയുമില്ലാതെ ആവർത്തിക്കുന്നവരുടെ തൊലിക്കട്ടിയെ കുറിച്ച് നമുക്ക് അത്ഭുതം തോന്നുകയാണ്. രാജ്യത്തെ പ്രധാന അന്വേഷണ ഏജൻസികളെല്ലാം അന്വേഷിച്ചു തള്ളിയ ഒരു കേസ് കേരളത്തിലെ ചില സംഘികൾക്കും ചില ക്രൈസ്തവ സഭകൾക്കും കണ്ടെത്താൻ കഴിഞ്ഞു എന്നത് ബുദ്ധിയുള്ള ഒരാളും അംഗീകരിക്കുമെന്നു തോന്നുന്നില്ല. അല്ലെങ്കിൽ പിന്നെ ഇന്ത്യൻ അന്വേഷണ ഏജൻസികളെ കവച്ചുവക്കുന്ന സംവിധാനങ്ങൾ ഇക്കൂട്ടരുടെ കയ്യിൽ ഉണ്ടാവണം. അതേതായും ഇല്ല എന്നതും എല്ലാവർക്കും അറിയാം. ആകെയുള്ളത് ഇസ്ലാം വിരോധം അന്ധമാക്കിയ മനസ്സുകൾ മാത്രമാണ്. അതുകൊണ്ട് ഇനിയെങ്കിലും ഈ വൃത്തികെട്ട ആരോപണത്തിൽ നിന്ന് ഇത്തരം പ്രഭൃതികൾ പിന്തിരിയണം; പിന്തിരിഞ്ഞാൽ അവർക്കു നന്ന്! ●

മുജീബ് ഒട്ടുമ്മൽ
mujeeb.ottummal@gmail.com





# മാനവ സാഹോദര്യത്തിന്റെ കേരളീയ പരിസരം

**വിശ്വാസാചാര രംഗത്ത് കാർക്കശ്യം പുലർത്തുമ്പോൾ തന്നെ ഇതരരെ കലർപ്പില്ലാതെ ഉൾക്കൊള്ളാൻ കഴിയുക എന്നത് ആത്മാർഥതയുടെയും സ്നേഹത്തിന്റെയും പാരമ്യതയാണ്. വ്യത്യസ്ത മതങ്ങളും ദർശനങ്ങളും സാംസ്കാരികരീതികളും പിന്തുടരുമ്പോഴും എല്ലാവരെയും കളങ്കമറ്റ് സ്നേഹിക്കാൻ കഴിയുക എന്ന ഉദാത്ത ഗുണം പ്രാരംഭകാലം മുതൽ ജീവിതത്തിൽ പുലർത്തിയവരാണ് കേരളീയർ. മാനവസാഹോദര്യത്തിന്റെ ആ തെളിനീർധാരയിലേക്കാണ് ചിലർ വിഷം കോരിയൊഴിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.**

മതനിരപേക്ഷ ഇന്ത്യയുടെ ഏറ്റവും വലിയ സൗന്ദര്യം വൈവിധ്യങ്ങളിലെ ഏകത്വമാണ്. മതങ്ങളും ദർശനങ്ങളും ഭാഷകളും സംസ്കാരങ്ങളുമെല്ലാം സംഗമിക്കുന്നതാണ് ഇന്ത്യയുടെ ആത്മാവ്. വിശ്വാസാചാരാനുഷ്ഠാനങ്ങളിൽ പല വഴികൾ തേടുമ്പോഴും ഏകമാനവതയുടെ സൗരഭ്യം വിതറുന്ന രാജ്യമാണിത്.

മാനവവിഭവശേഷിയാൽ കരുത്താർജിച്ചിരുന്ന ഇന്ത്യയെ തകർക്കാൻ ശത്രുക്കളെന്നും ആയുധങ്ങളായി ഉപയോഗിച്ചത് മത ധ്രുവീകരണമാണ്. ബ്രിട്ടീഷ് അധിനിവേശത്തിന് ആക്കംകൂട്ടിയതും സാമൂഹിക ധ്രുവീകരണമായിരുന്നു. 'ഭിന്നിപ്പിച്ച് ഭരിക്കുക' എന്ന നയത്തിലൂടെ നാട്ടുരാജാക്കൻമാരെയും സമുദായങ്ങളെയും പരസ്പര ശത്രുക്കളാക്കാൻ അ

വർക്ക് സാധിച്ചു. കോളനിവൽകരണത്തിന് ചിലരെ കൂടെ നിർത്തിയും മറ്റു ചിലരെ ഉപയോഗിച്ചും ബ്രിട്ടീഷ് അധികാരരഥം ഇന്ത്യൻ മണ്ണിലൂടെ വിഹരിച്ചു.

അധിനിവേശ ശക്തികളുടെ കരാളഹസ്തങ്ങളിൽ പുളഞ്ഞ ഇന്ത്യയുടെ വിമോചനത്തിനായി ആത്മാഭിമാനികളായ രാജ്യസ്നേഹികൾ ശത്രുവിന്റെ ആയുധത്തെ നിർവീര്യമാക്കി മുന്നേറി. വൈദേശിക ശക്തികൾക്കെതിരെ ഒറ്റക്കെട്ടായി അവർ പോരാടി. മഹാത്മാഗാന്ധിയും മൗലാനാ അബുൽ കലാം ആസാദുമെല്ലാം ദേശീയതലത്തിൽ നേതൃത്വം നൽകിയ സ്വാതന്ത്ര്യസമര പോരാട്ടങ്ങളുടെ അലയൊലികൾ ഗ്രാമാന്തരങ്ങളിൽ പോലും അധിനിവേശ ശക്തികൾക്കെതിരെ ഐക്യനിര രൂപപ്പെടാൻ കാരണമായി.

എല്ലാ വിഭാഗങ്ങളെയും ഒരു കുടക്കീഴിൽ അണിനിരത്തി അഹിംസാ സമരരീതികൾ പരീക്ഷിച്ച്, ബഹിഷ്കരണത്തിന്റെയും നിയമ ലംഘനത്തിന്റയും വഴി സ്വീകരിച്ച് വൈദേശികാധിപത്യത്തിനെതിരെ കൊടുങ്കാറ്റായി മാറിയപ്പോൾ വെള്ളക്കാരന്റ സിംഹാസനങ്ങൾ പിഴുതെറിയപ്പെട്ടു. എങ്കിലും അധിനിവേശ ശക്തികൾ വിതറിയ വർഗീയ ധ്രുവീകരണത്തിന്റെ വിഷവിത്തുകൾ അവിടവിടങ്ങളിലായി മുളച്ച് പൊങ്ങി. നാസിസത്തിന്റ ദർശനങ്ങളെ ആശയമായി സ്വീകരിച്ച് ഇതര വിശ്വാസികളോട് അസഹിഷ്ണുക്കളായി, വിദ്വേഷത്തിന്റെ വിഷബീജങ്ങളെ നെഞ്ചിലേറ്റി ദേശീയതാവാദവുമായി ചിലർ രംഗപ്രവേശം ചെയ്തു.

ഉത്തരേന്ത്യയുടെ പല ഭാഗങ്ങളിലും വർഗീയ കോമരങ്ങൾ ഉറഞ്ഞ് തുള്ളി. ന്യൂനപക്ഷ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങൾ പോലും നിശാക്ലബ്ബുകളും മദ്യഷാപ്പുകളുമാക്കി ഭീകര താണ്ഡവമാടിയപ്പോൾ മഹാത്മാഗാന്ധി അതിനെതിരെ നിരാഹാര സത്യഗ്രഹമിരുന്നു. സമാധാനത്തിലൂടെയുള്ള സമരമുറയിൽ വിധ്വംസകവാദികൾക്ക് പിൻവലിയേണ്ടി വന്ന സാഹചര്യങ്ങൾ പോലുമുണ്ടായി.

മഹാഭൂരിപക്ഷം ഇന്ത്യക്കാരും സമാധാനകാംക്ഷികളും മറ്റുള്ളവരെ ഉൾക്കൊള്ളാനുള്ള വിശാലഹൃദയരുമാണെന്നതാണ് ഇന്ത്യയുടെ സാമൂഹിക പരിണിതി. ഉത്തരേന്ത്യയുടെ പല ഭാഗങ്ങളും വർഗീയ കലാപാഗ്നിയിൽ എരിഞ്ഞമരുമ്പോഴും സമാധാനത്തിന്റെ കുളിർതെന്നലായി മലയാള മണ്ണ് കോൾമയിർ കൊണ്ടു.

### കേരളം സാഹോദര്യത്തിന്റ വിളനിലം

ഇന്ത്യയുടെ തെക്കേ അറ്റത്ത് അറബിക്കടലിന്റെ ഓരത്തായി കേരളം പ്രകൃതി ഭംഗിയാൽ പ്രോജ്വലിച്ചു നിന്നു. കേരവൃക്ഷങ്ങളുടെ ഹരിതാഭമായ അന്തരീക്ഷം ഏതൊരാളെയും ഹർഷഭരിതമാക്കും. ദയാനുകമ്പയും സഹവർത്തിത്വവും സാഹോദര്യവും കൊണ്ട് മലയാളികളുടെ മനസ്സും മനോഹരമാണ്. അധിനിവേശ ശക്തികൾ വിതറിയിട്ട ധ്രുവീകരണ വിത്തുകൾ മലയാള മണ്ണിൽ ധൂളികളായി. വർഗീയതയുടെ കാർഡിറക്കി ഈ മണ്ണിനെ കലാപകലുഷിതമാക്കാൻ ശ്രമങ്ങൾ ഉണ്ടാകാത്തത് കൊണ്ടല്ല; ഏതൊരു സംസ്ഥാനങ്ങളിലുമുള്ളതിനേക്കാൾ ശക്തമായ ധ്രുവീകരണ ശ്രമങ്ങളാണ് ഇവിടെ നടന്നത്. എന്നാൽ സഹാനുഭൂതിയും സഹോദര്യവും വേരുറച്ചുപോയ മലയാളി മനസ്സുകളിൽ വിഭാഗീയ ചിന്തകൾക്ക് ഇടമില്ലാതെ പോയി.

മനസ്സുകളെ പെട്ടെന്ന് സ്വാധീനിക്കാവുന്ന സാഹിത്യരചനയും പ്രഭാഷണ വൈഭവവും മാധ്യമങ്ങളിലെ പംക്തികളും സാംസ്കാരിക നായകരുടെ സ്വാധീനവുമെല്ലാം നാസീ ചിന്തകളുടെ വ്യാപനത്തിന് വിശാലമായി ഉപയോഗിച്ചിരുന്നു. 1950ൽ പ്രസിദ്ധ സാഹിത്യകാരൻ ഉറൂബ് മലബാർ ലഹളയെ പശ്ചാത്തലമാക്കി എഴുതിയ ഒരു നോവലിൽ രാഘവൻ നായർ സുലൈമാനായ കഥ വിവരിക്കുന്നുണ്ട്. ആയുധങ്ങളുമായി പാഞ്ഞടുത്ത മാപ്പിളമാർ അദ്ദേഹത്തെ മതപരിവർത്തനത്തിന് നിർബന്ധിച്ചുവെന്നാണ് അതിന്റ സന്ദേശം. അക്ഷരങ്ങൾ കോർത്തിണക്കി മനോഹരമായി ആഖ്യാനിക്കാനുള്ള അദ്ദേഹത്തിന്റ വൈഭവത്തിലൂടെ വിദ്വേഷത്തിന്റ വിത്ത് പാകാൻ ശ്രമിച്ചിട്ടും



അത് ചവറ്റുകൊട്ടയിലേക്കെറിയാൻ തയ്യാറായ മലയാളി മനസ്സിന്റെ നന്മയെ തിരിച്ചറിയാൻ ഇതിലും വലിയ ഉദാഹരണമില്ല.

### സാഹോദര്യത്തിന്റെ കേരള പൈതൃകം

വ്യത്യസ്ത മത-ഭൗതിക വിശ്വാസ ദർശനങ്ങളിലൂടെ സഞ്ചരിക്കുന്നവരെങ്കിലും പരസ്പരം ബഹുമാനിക്കാനും ആദരിക്കാനും സ്നേഹിക്കാനും പരിഗണിക്കാനും ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കാനുമുള്ള മാനസിക ഇണക്കത്തെയാണ് മാനവ സൗഹാർദം കൊണ്ട് അർഥമാക്കുന്നത്.

വിശ്വാസാചാരങ്ങൾ പരസ്പരം കൈമാറ്റം ചെയ്തുകൊണ്ടുള്ള നീക്കുപോക്കുകളിലൂടെയുള്ള സൗഹൃദങ്ങൾക്ക് കപടതയുടെ പരിവേഷം ദർശിക്കാനാകും. ഇഷ്ടമുള്ളത് ആചരിക്കാനും അനുഷ്ഠിക്കാനും തിരസ്കരിക്കാനുമുള്ള സ്വാതന്ത്ര്യം വകവച്ചുകൊടുക്കുന്നതിൽ ബന്ധങ്ങൾ തടസ്സമാകരുത്.



വിശ്വാസദർശനങ്ങൾക്കനുസരിച്ച അനുഷ്ഠാനങ്ങൾക്ക് കാർക്കശ്യം കാണിക്കുന്നവരെ സംശയദൃഷ്ടിയോടെ കാണുന്നത് ന്യായീകരിക്കാനാവില്ല. അത്തരം ആളുകളിലാണ് കലർപ്പില്ലാത്ത സ്നേഹാർദ്രതയുടെ ആത്മാർഥത കാണാൻ സാധിക്കുക. കേരള ജനതയുടെ സാഹോദര്യ ചരിതം അങ്ങനെയേ നമുക്ക് വായിക്കാനാകൂ.

കേരളത്തിലേക്കുള്ള ഇസ്‌ലാമിക ആഗമന ചരിത്രരേഖകളിൽ ക്രിസ്താബ്ദം 621ലാണ് മാലിക് ദീനാറും സംഘവും കേരള തീരത്തണഞ്ഞതെന്ന് കാണാനാവും. അന്നത്തെ ഭരണാധികാരികൾ മുസ്‌ലിം വർത്തക സംഘത്തെ സ്വീകരിച്ചത് കരിക്കിൻ വെള്ളം നൽകിയാണ്. സമൂഹത്തിന്റെ മുഖ്യധാരാ പ്രവർത്തനങ്ങളിൽ അവർക്ക് ഇടം നൽകി. പ്രബോധന പ്രവർത്തനങ്ങൾക്കും വിശ്വാസജീവിതത്തിനും പരിപൂർണ സ്വാതന്ത്ര്യം നൽകി. പതിനൊന്ന് ഇടങ്ങളിൽ ആരാധനാലയങ്ങൾ പണിയാനുള്ള സ്ഥലവും സൗകര്യങ്ങളും നൽകി. അവ ഇസ്‌ലാമിക പ്രബോധന കേന്ദ്രങ്ങൾ കൂടിയായിരുന്നു.

വിശ്വാസദർശനങ്ങൾക്കതീതമായി മനുഷ്യരെ ഹൃദയങ്ങളിലേക്ക് സ്വീകരിക്കാനുള്ള കൈരളിയുടെ പാരമ്പര്യത്തിന് നൂറ്റാണ്ടുകൾ പഴക്കമുണ്ടെന്നുള്ള തിരിച്ചറിവാണ് ഇത്തരം ചരിത്രരേഖകളിൽ നിന്ന് ലഭിക്കുന്നത്. 750 വർഷക്കാലം കോഴിക്കോട് അടക്കമുള്ള മലബാറിന്റ തെക്കൻ തീരം ഭരിച്ചിരുന്ന സാമൂതിരി രാജാക്കൻമാരുടെ സൗഹൃദ പാഠം ഏറെ കൗതുകമുണർത്തുന്നതാണ്.

പത്ത് വർഷം കൂടുമ്പോൾ പ്രത്യേക ആചാരപ്രകാരം നടത്തുന്ന മാമാങ്കോൽസവത്തിൽ സാമൂതിരിയുടെ വലത് ഭാഗത്ത് ഷാമന്തർകോയ എന്ന പ്രത്യേക സ്ഥാനമുള്ള ഒരു മുസ്‌ലിം ഉണ്ടായിരിക്കൽ നിർബന്ധമായിരുന്നത്രെ! കേരളത്തിന്റെ തീരദേശങ്ങളിലെ മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ചവരുടെ കുടിലുകളിൽ നിന്നുള്ള ആദ്യത്തെ ഒരു ആൺകുട്ടിയെ മുസ്‌ലിമായി വളർത്തണമെന്ന് രാജാവ് നിർബന്ധ കൽപന നൽകി. 'സമുദ്രദേവത'യുടെ മാറിലൂടെ സഞ്ചരിക്കൽ ഹിന്ദുക്കൾക്ക് നിഷിദ്ധമായിരുന്നെന്നതിനാലാണത്രെ അങ്ങനെയൊരു നിയമം കൊണ്ടുവന്നത്. നാവികസേനയുടെ രൂപീകരണത്തിനായിരുന്നു അത്തരം നടപടിക്രമങ്ങൾ സ്വീകരിച്ചിരുന്നതെന്നും കാണാനാകും.

രാജ്യത്തിന്റെ സുരക്ഷക്ക് വേണ്ടി രൂപീകരിച്ച നാവിക സേനയിൽ മുസ്‌ലിംകളുണ്ടായിരിക്കണമെന്ന് രാജാവ് തിട്ടൂരമിറക്കി. സേനയുടെ നായകൻമാരായി കുഞ്ഞാലി മരക്കാൻമാരെ അവരോധിച്ചു. സാമൂതിരിയുടെ ഭരണവും കുഞ്ഞാലി മരക്കാരുടെ ധീരമായ സൈനിക നേതൃത്വവും സുസ്ഥിരതയുള്ള നിർഭയത്വത്തിന്റെ ഇടമായി നാട് മാറി.

മുസ്‌ലിം ആധിപത്യമുള്ള രാജ്യങ്ങളെ കീഴടക്കാ

**വ്യത്യസ്ത മത-ഭൗതിക വിശ്വാസ ദർശനങ്ങളിലൂടെ സഞ്ചരിക്കുന്നവരെങ്കിലും പരസ്പരം ബഹുമാനിക്കാനും ആദരിക്കാനും സ്നേഹിക്കാനും പരിഗണിക്കാനും ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കാനുമുള്ള മാനസിക ഇണക്കത്തെയാണ് മാനവ സൗഹാർദം കൊണ്ട് അർഥമാക്കുന്നത്. വിശ്വാസാചാരങ്ങൾ പരസ്പരം കൈമാറ്റം ചെയ്തുകൊണ്ടുള്ള നീക്കുപോക്കുകളിലൂടെയുള്ള സൗഹൃദങ്ങൾക്ക് കപടതയുടെ പരിവേഷം ദർശിക്കാനാകും. ഇഷ്ടമുള്ളത് ആചരിക്കാനും അനുഷ്ഠിക്കാനും തിരസ്കരിക്കാനുമുള്ള സ്വാതന്ത്ര്യം വകവച്ചുകൊടുക്കുന്നതിൽ ബന്ധങ്ങൾ തടസ്സമാകരുത്. വിശ്വാസദർശനങ്ങൾക്കനുസരിച്ച അനുഷ്ഠാനങ്ങൾക്ക് കാർക്കശ്യം കാണിക്കുന്നവരെ സംശയദൃഷ്ടിയോടെ കാണുന്നത് ന്യായീകരിക്കാനാവില്ല.**

നായി കുരിശുയുദ്ധ പ്രഖ്യാപനം നടത്തി ക്രൈസ്തവതയുടെ ലോകാധിപത്യത്തിന് പുതിയ മുഖം നൽകാൻ മാനുവൽ രാജാവ് നിയോഗിച്ച വാസ് ഗോഡഗാമ 1498 മെയ് 20ന് കോഴിക്കോട് കപ്പലിറങ്ങിയത് സാമൂതിരിയുടെ നാട് മുസ്‌ലിം രാജ്യമെന്ന് തെറ്റിദ്ധരിച്ചായിരുന്നുവെന്ന് ചരിത്രകാരൻമാർ വിലയിരുത്തുന്നുണ്ട്.

ഭരണത്തിലെ മുസ്‌ലിം സാന്നിധ്യമായിരുന്നു കാരണം. കോഴിക്കോട്ടെത്തിയപ്പോൾ തന്റെ ധാരണ ശരിയല്ലെന്ന ബോധ്യപ്പെട്ട ഗാമ അവിടുത്തെ എല്ലാ മുസ്‌ലിംകളെയും നാടുകടത്താൻ സാമൂതിരിയോടാവശ്യപ്പെട്ടു. അത് നിരസിക്കപ്പെടുകയാണുണ്ടായത്. ഈ സൗഹൃദങ്ങളെ തകർക്കാൻ ശ്രമിച്ചത് പോർച്ചുഗീസുകാരായിരുന്നു.

മുസ്‌ലിം കച്ചവട സംഘവും ഹജ്ജ് തീർഥാടകരും സഞ്ചരിച്ച കപ്പലുകൾ കത്തിച്ച് ചാമ്പലാക്കിയും യാത്രക്കാരെ പിടിച്ചു വലത്തെ കയ്യും ഇടത്തെ കാലും ഛേദിച്ചും കണ്ണുകൾ ചൂഴ്ന്നെടുത്തും ജീവനുള്ള ശരീരത്തെ കൂറ്റൻ സ്രാവുകൾക്കെറിഞ്ഞ് നൽകിയും ജീവനോടെ ചുട്ടെരിച്ചും ആനന്ദനൃത്തമാടിയ ഗാമയും സംഘവും മുസ്‌ലിം വിരോധം മറ്റുള്ളവരിലേക്കും സന്നിവേശിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു.

### സ്വാതന്ത്ര്യ സമര പോരാട്ടങ്ങളിലും അവർ ഒന്നായിരുന്നു

ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ കേരള മണ്ണിൽ നടന്ന ഐതിഹാസികമായ ചെറുത്ത് നിൽപുകളിൽ പഴശ്ശി കലാപങ്ങൾ വേറിട്ടു നിന്നു. 'കേരളസിംഹം' എന്നറിയപ്പെട്ടിരുന്ന കേരളവർമ്മ പഴശ്ശിരാജ നടത്തിയ പോരാട്ടങ്ങൾ അവിസ്മരണീയമാണ്. വെള്ളക്കാരൻ അടിച്ചേൽപിക്കാൻ ശ്രമിച്ച കൊളോണിയൽ സമവാക്യങ്ങൾ തിരുത്തിയെഴുതാനുള്ള ഒരു ജനതയുടെ ഇഛാശക്തിയിൽ ഐക്യബലത്തിന്റെ കരുത്ത് നിഴലിച്ച് കാണാം. അതേ പഴശ്ശിയോടൊപ്പം മാപ്പിള നേതാക്കളായ ഉണ്ണി മൂസാ മൂപ്പനും ചെമ്പൻ പോക്കരും അത്തൻകുരിക്കളും പോരാട്ട വീഥിയിലെ സൗഹൃദതേജസ്വികളായിരുന്നു. വെള്ളപ്പട്ടാളത്തിന്റെ പിടിയിൽ പെടാതിരിക്കാൻ ആത്മഹത്യയിൽ പഴശ്ശി അഭയം തേടിയപ്പോൾ അവരോട് പോരാടി മാപ്പിള നേതാക്കൾ വീരമൃത്യു വരിക്കുകയാണുണ്ടായത്.

ബ്രിട്ടിഷ് അധിനിവേശത്തോടുള്ള അടങ്ങാത്ത സമരാവേശം മലബാറിൽ വലിയ കലാപങ്ങൾക്ക് കാരണമായി. അധികാര ദണ്ഡുകൾ പ്രഹരങ്ങളായി ജീവതത്തെ ദുസ്സഹമാക്കിയപ്പോൾ മുസ്‌ലിം സഹോദരങ്ങൾക്ക് അഭയാർഥികളായി കൊടുങ്ങല്ലൂരിലേക്ക് പോകേണ്ടി വന്നു. എന്നാൽ അവിടുത്തെ ഭൂരിപക്ഷ സമുദായമായ ഹൈന്ദവർ ഹൃദയപൂർവമായ പിന്തുണയും സംരക്ഷണവും അവർക്ക് നൽകി. മുസ്‌ലിം നവോത്ഥാന നായകനായ കെ.എം മൗലവിയുടെ അനുഭവം അതിനൊരുദാഹരണമാണ്. മലബാറിൽ നിന്ന് ഒരു സബ്ഇൻസ്പെക്ടറും സംഘവും കൊടുങ്ങല്ലൂരിലെത്തിയത്രെ! വിവരമറിഞ്ഞ പലരും പോലീസ് സ്റ്റേഷൻ പരിസരത്തെത്തി. സബ്ഇൻസ്പെക്ടറും സംഘവും അമ്പല നടക്കൽ നിൽക്കുന്നതായി കണ്ടു. ഉടനെ കെ. സി കുട്ടിക്കൃഷ്ണ മേനോൻ എന്നൊരാൾ ഇൻസ്പെക്ടറുടെ അടുത്ത് ചെന്നു. എന്താണ് നിങ്ങളുടെ ആഗമനോദ്ദേശമെന്ന് ചോദിച്ചു. ഒരാളെ തിരഞ്ഞ് വന്നതാണ്, അയാളെ ലഭിച്ചുവെന്നും പറഞ്ഞ ഇൻസ്പെക്ടറോട് അദ്ദേഹം ഇപ്രകാരം പറഞ്ഞുവത്രെ: 'നിങ്ങൾ തയ്യിൽ മുഹ




മ്മദ് കുട്ടി മുസ്‌ല്യാരെ (കെ.എം മൗലവി) പിടികൂടാൻ വന്നതാണെന്നാണ് ഞങ്ങൾ കരുതിയത്. അദ്ദേഹം ഇവിടെയുണ്ട്. ഇവിടുത്തെ മുസ്‌ലിംകളുടെ മനോഗതി എന്തെന്നറിയില്ല. എന്നാൽ ഇവിടുത്തെ ഹിന്ദുക്കളുടെ ശവശരീരത്തിൽ ചവിട്ടിക്കൊണ്ടല്ലാതെ നിങ്ങൾക്ക് അദ്ദേഹത്തെ അറസ്റ്റ് ചെയ്യാൻ സാധിക്കില്ല.'

വേഷവിധാനങ്ങളടക്കമുള്ള ജീവിതത്തിന്റ സൂക്ഷ്മ നിമിഷങ്ങളിൽ പോലും ഇസ്‌ലാമിക മര്യാദകൾ പാലിക്കുന്ന സാത്വികനായ ഒരു മുസ്‌ലിം പണ്ഡിതന് വേണ്ടി ജീവാർപ്പണത്തിന് തയ്യാറായ ഹൈന്ദവ സഹോദരങ്ങളുടെ സാഹോദര്യ മനസ്സാണ് കേരളത്തിന്റ സാംസ്‌കാരിക പൈതൃകമെന്ന് ബോധ്യപ്പെടുത്തുന്ന ഇത്തരം ധാരാളം സംഭവങ്ങൾ കാണാനാകും.

### സാമൂഹിക പരിഷ്‌കരണ പ്രവർത്തനങ്ങളിലെ സഹകരണം

ജാതിവ്യവസ്ഥകളാൽ മലീമസമായിരുന്ന ഭൂരിപക്ഷ സാമുദായികക്രമവും നിരക്ഷരതയും അന്ധവിശ്വാസാനാചാരങ്ങളും കൊണ്ട് മുസ്‌ലിം സാമുദായിക നിലയും കേരളത്തിന് വലിയ പരീക്ഷണമായിരുന്നു. സമൂഹത്തെ സമുദ്ധരിക്കുന്നതിന് പണ്ഡിതരും നേതാക്കളും ഉൽപതിഷ്ണുക്കളും ത്യാഗപൂർണമായ പരിശ്രമങ്ങളിലേർപ്പെട്ടുകൊണ്ടിരുന്നു. അവിടെയും സാഹോദര്യത്തിന്റെയും പരസ്പര ഗുണകാംക്ഷയുടെയും സേവന തൽപരതയുടെയും നിസ്തുലമായ മാതൃകയുണ്ട്. എല്ലാ വിഭാഗങ്ങളുടെയും ഉന്നമനത്തിനും ഉത്ഥാനത്തിനും എല്ലാവരും ഒത്തൊരുമിച്ച് പ്രയത്‌നിച്ചു എന്നത് മലയാളികളുടെ മാത്രം പ്രത്യേകതയായിരിക്കാം.

1922ൽ മരണപ്പെട്ട ശൈഖ് മാഹിൻ ഹമദാനി തങ്ങൾ മുസ്‌ലിം നവോത്ഥാന ചരിത്രത്തിലെ പ്രോജ്വലിക്കുന്ന വ്യക്തിത്വമാണ്. വിശ്വാസ, ആചാര, വിദ്യാഭ്യാസ രംഗങ്ങളിൽ സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിച്ച അദ്ദേഹം ബഹുസ്വര സമൂഹത്തിൽ സ്വന്തം പ്രവർത്തന ശൈലി കണ്ടെത്തിയ കർമയോഗിയായിരുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയും സി.പി രാജഗോപാലാചാരിയുമെല്ലാം ഹമദാനി തങ്ങളുടെ പ്രവർത്തന മണ്ഡലങ്ങളിൽ സഹകാരികളായി തിളങ്ങിനിന്നു.

വിദ്യാഭ്യാസ രംഗത്തെ ചടുലമായ പ്രവർത്തനങ്ങളിലൂടെ സമുദായത്തെ ബൗദ്ധികമായി ഉയർത്തിക്കൊണ്ടുവരുന്നതിന് പദ്ധതികൾ ആവിഷ്‌കരിച്ചു. ഉത്തരേന്ത്യയിലെ വിദ്യാഭ്യാസ വളർച്ചയിൽ അലിഗർ സർവകലാശാലയുടെ പ്രാധാന്യവും സേവനങ്ങളും തിരിച്ചറിഞ്ഞ ഹമദാനി തങ്ങൾ മലബാറിലും മുസ്‌ലിംകൾക്കായി അതുപോലൊരു വിദ്യാഭ്യാസ സാംസ്‌കാരിക കേന്ദ്രം വേണമെന്നാശിച്ചു. അദ്ദേഹത്തിന്റെ ജീവിതാഭിലാഷമായി അത് മനസ്സിൽ കോറിയിട്ടു.

അദ്ദേഹത്തിന്റ ശ്രമഫലമായി കോളേജ് നിർമിക്കുവാനായി ആലുവയിൽ ദിവാൻ സി.പി രാജഗോപാലാചാരി എട്ട് ഏക്കർ സ്ഥലം അനുവദിച്ച് പ്രവർത്തനത്തിന് പിന്തുണ നൽകി.

ഭാഷാപഠനത്തിൽനിന്ന് പോലും പുറംതിരിഞ്ഞ് നിന്ന സമുദായത്തെ വിദ്യാസമ്പന്നതയിൽ ഉത്തമ പൗരൻമാരാക്കുന്നതിൽ ഹമദാനി തങ്ങൾ 1912ൽ രണ്ട് സംഘങ്ങൾ രൂപീകരിച്ചിരുന്നു. ലജ്‌നത്തുൽ ഹമദാനി സഭയും ലജ്‌നത്തൽ ഇസ്‌ലാം സംഘവും. 1913ൽ അഴീക്കോട് ചേർന്ന ലജ്‌നത്തുൽ ഹമദാനിയയുടെ വാർഷിക സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയായിരു

ന്നുവെന്ന കാര്യം പ്രത്യേകം സ്മരണീയമാണ്.

1921ലെ മലബാർ കലാപത്തിന്റ ഫലമായി ഹിന്ദു മുസ്‌ലിം ഭേദമില്ലാതെ സ്ത്രീകളും കുട്ടികളും യുവാക്കളും വൃദ്ധരുമെല്ലാം അതിന്റ കെടുതികൾ രുചിച്ചറിഞ്ഞു. പിന്നീട് കേരളത്തിലുണ്ടായ കർഷക സമരങ്ങൾക്കും സാമൂഹ്യ നവോത്ഥാനത്തിനും മലബാർ കലാപം പ്രേരണയും പ്രചോദനവുമായി. അന്ന് മലബാറിലെ മുസ്‌ലിം കർഷകർക്ക് രാഷ്ട്രീയ പ്രബുദ്ധത നേടിക്കൊടുത്തത് സ്വാതന്ത്ര്യ സമര പോരാട്ടങ്ങൾക്ക് ബൗദ്ധിക നേതൃത്വം നൽകിയ നാരായണ മേനോനും സുഹൃത്തുക്കളായ കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ല്യാരും കെ.എം മൗലവിയുമായിരുന്നുവെന്ന് പ്രൊഫസർ എം.പി എസ് മേനോൻ രേഖപ്പെടുത്തിയിട്ടുണ്ട്.

തിരുവിതാംകൂറിന്റ തെക്കൻ ഭാഗങ്ങളിൽ നവോത്ഥാനത്തിന്റെ തേര് തെളിയിച്ച വക്കം മുഹമ്മദ് അബ്ദുൽ ഖാദർ എന്ന വക്കം മൗലവി ബഹുഭാഷാപണ്ഡിതനായിരുന്നു. ബഹുസ്വര സമൂഹത്തിൽ ഒരു വിശ്വാസിയുടെ ധർമമെന്തെന്ന് പ്രവർത്തനനിരതമായ ജീവിതം കൊണ്ട് ചരിതമെഴുതിയ മഹാ പണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ ധൈഷണിക സൗഹൃദത്തിൽ ശ്രീനാരായണ ഗുരുവിനെ പോലുള്ളവരുണ്ടായിരുന്നു. ഈ സുഹൃദ് ബന്ധം മൗലവിയുടെ പ്രവർത്തന മണ്ഡലങ്ങളിൽ ആവേശവും ഉൻമേശവും നൽകി.

സ്വദേശാഭിമാനവും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള അടങ്ങാത്ത ആഗ്രഹവുമായി അക്ഷരങ്ങൾ ആയുധമാക്കി പോരാട്ട വീഥിയിൽ അദ്ദേഹം ഇറങ്ങി. 1905ൽ ആരംഭിച്ച സ്വദേശാഭിമാനി പത്രത്തിന്റ പത്രാധിപരായി രാമകൃഷ്ണപിള്ളയെ നിയമിച്ചതിലൂടെ സാഹോദര്യത്തിന്റെ ഉദാത്തമായ മാതൃക സൃഷ്ടിക്കുകയായിരുന്നു അദ്ദേഹം.

സ്വദേശാഭിമാനവും സ്വാതന്ത്ര്യതൃഷ്ണയുമുള്ള ഒരു ജനതയുടെ അഭിമാനത്തിന്റെ പ്രതീകമായി ലേഖനങ്ങളും മുഖപ്രസംഗങ്ങളുമായി 'സ്വദേശാഭിമാനി' പത്രം ഉണ്ടാക്കിയ കൊടുങ്കാറ്റിൽ അധികാരസിംഹാസനങ്ങൾ ആടിയുലഞ്ഞു.

സവർണ ജൻമിമാരുടെ ക്രൂരതകൾക്കിരയായ മാപ്പിള, കീഴാള കുടിയാൻമാരുടെ ദൈന്യതയിൽ മനംനൊന്ത് 'കുടിയാൻ സങ്കട നിവാരണ സംഘം' രൂപീകരിച്ച് വിമോചനത്തിനായി പോരാടിയ എം.പി നാരായണ മേനോൻ കേരളത്തിന്റ മാനവ സാഹോദര്യ വർത്തമാനത്തിൽ എടുത്ത് പറയേണ്ട നാമമാണ്. മാപ്പിളമാരുടെ ശക്തമായ പിന്തുണ ലഭിച്ച അദ്ദേഹം 'മാപ്പിള മേനോൻ' എന്ന് പരിഹസിക്കപ്പെട്ടിരിന്നു.

### പൗരത്വ ഭേദഗതി നിയമ കാലത്തും

രാജ്യത്തെ സാമൂഹിക ധ്രുവീകരണം ലക്ഷ്യമാക്കിയ ഫാഷിസ്റ്റ് ഭരണകൂടം കൊണ്ടുവന്ന പൗരത്വ ഭേദഗതി നിയമത്തിനെതിരെയും കേരളം ചരിത്രം ആവർത്തിക്കുകയാണ്. ഒരേ ശബ്ദവും താളവും നൽകി പ്രതിഷേധത്തിന്റെ ജ്വാല തീർക്കുന്നവരിൽ ഭരണപക്ഷവും പ്രതിപക്ഷവുമുണ്ട്. ഹിന്ദുവും മുസൽമാനും ക്രൈസ്തവനും മതമില്ലാത്തവനും എല്ലാമുണ്ട്. അഡ്വക്കറ്റ് ഹരീഷ് വാസുദേവ് മുതൽ രശ്മിത ചന്ദ്രൻ വരെയുള്ളവരുടെ ശക്തമായ മുന്നേറ്റമുണ്ട്.


കലാസാംസ്കാരിക മേഖലകളിലെ ഉന്നത വ്യക്തികളുണ്ട്. പത്രപ്രവർത്തകർ, എഴുത്തുകാർ, ചിന്തകർ, ചരിത്രകാരൻമാർ... എല്ലാവരും ഒരു മെയ്യായ് ഭരണഘടനാ സംരക്ഷണത്തിന് രംഗത്തിറങ്ങിയിരിക്കുന്നു. അപ്പോഴും കേരളീയ സംസ്കാരത്തിന് വിയോജിപ്പുള്ള പകയുടെ, അപക്വതയുടെ, ശത്രുതയുടെ ഹൃദയം പേറി അൽപൻമാർ സാംസ്കാരികാപചയത്തിനായി ഇരുട്ടുകൾ തേടുന്നു.



ശൈഖ് സഅദ് ബിൻ നാസർ അശ്ശത്‌രി
വിവ: ശമീർ മദീനി



സ്വൂഫികളും വിശ്വാസ വ്യതിയാനവും: 3




# തൗഹീദുർറുബൂബിയ്യത്തിനെ കുറിച്ചുള്ള സ്വൂഫി ചിന്താഗതികൾ

മറഞ്ഞ കാര്യങ്ങൾ (ഗൈബ്) അറിയൽ സർവലോകരക്ഷിതാവായ അല്ലാഹുവിന്റെ മാത്രം പ്രത്യേകതയാണ്.

അല്ലാഹു പറയുന്നു: "അവന്റെ പക്കലാകുന്നു മറഞ്ഞ കാര്യങ്ങളുടെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല" (ക്വുർആൻ 6:59).

ഉന്നതനും മഹാനുമായ അല്ലാഹു പറയുന്നു: "അവർ പറയുന്നു: അദ്ദേഹത്തിന് (നബിക്ക്) തന്റെ രക്ഷിതാവിങ്കൽ നിന്ന് ഒരു തെളിവ് (നേരിട്ട്) ഇറക്കിക്കൊടുക്കപ്പെടാത്തതെന്തുകൊണ്ട്? (നബിയേ,) പറയുക; മറഞ്ഞ കാര്യങ്ങളെക്കുറിച്ചുള്ള അറിവ് അല്ലാഹുവിന് മാത്രമാകുന്നു. അതിനാൽ നിങ്ങൾ കാത്തിരിക്കൂ. തീർച്ചയായും ഞാനും നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരുടെ കൂട്ടത്തിലാകുന്നു"(ക്വുർആൻ 10:20).

"ആകാശ-ഭൂമികളിലെ മറഞ്ഞ യാഥാർഥ്യങ്ങളെപ്പറ്റിയുള്ള അറിവ് അല്ലാഹുവിന്നാണുള്ളത്. അവങ്കലേക്ക് തന്നെ കാര്യങ്ങളെല്ലാം മടക്കപ്പെടുകയും ചെയ്യും. ആകയാൽ നീ അവനെ ആരാധിക്കുകയും അവന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുക. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയൊന്നും നിന്റെ രക്ഷിതാവ് അശ്രദ്ധനല്ല" (ക്വുർആൻ 11:123).

"(നബിയേ,) പറയുക; ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും മറഞ്ഞ കാര്യങ്ങൾ അറിയു

കയില്ല; അല്ലാഹുവല്ലാതെ. തങ്ങൾ എന്നാണ് ഉയർത്തെഴുന്നേൽപിക്കപ്പെടുക എന്നും അവർക്കറിയില്ല" (ക്വുർആൻ 27:65).

എന്നു മത്രമല്ല, അല്ലാഹു നിശ്ചയിച്ച കാര്യങ്ങളും (ക്വദാ-ക്വദ്ർ) ലൗഹുൽമഹ്ഫൂളിലെ ചില കാര്യങ്ങൾ പോലും തിരുത്താനും കൈകാര്യം ചെയ്യാനുമൊക്കെ അവർക്ക് സാധിക്കുമെന്ന് വരെ അക്കൂട്ടർ ജൽപിക്കുന്നു. അല്ലാഹുവിന്റെ വചനങ്ങളോട് എന്തുമാത്രം എതിർപ്പിലാണ് ഈ നിരർഥകവാദം നിലകൊള്ളുന്നത്!

അല്ലാഹു പറയുന്നു: "ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരാപത്തും ബാധിക്കുകയുണ്ടായിട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതിനു മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപെട്ടു കഴിഞ്ഞതായിട്ടല്ലതെ. തീർച്ചയായും അത് അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം എളുപ്പമുള്ളതാകുന്നു" (ക്വുർആൻ 57:22).

"(ഇങ്ങനെ നാം ചെയ്തത്,) നിങ്ങൾക്ക് നഷ്ടപ്പെട്ടതിന്റെ പേരിൽ നിങ്ങൾ ദുഃഖിക്കാതിരിക്കുവാനും നിങ്ങൾക്ക് അവൻ നൽകിയതിന്റെ പേരിൽ നിങ്ങൾ (അമിതമായി) ആഹ്ലാദിക്കാതിരിക്കുവാനും വേണ്ടിയാണ്. അല്ലാഹു യതൊരു അഹങ്കാരിയെയും ദുരഭിമാനിയെയും ഇഷ്ടപ്പെടുകയില്ല" (ക്വുർആൻ 57:23).

നബിﷺ പറയുന്നു: "ആകാശഭൂമികളെ സൃഷ്ടിക്കുന്നതിന്റെ അമ്പതിനായിരം വർഷങ്ങൾക്കു മുമ്പേ സൃഷ്ടികളുടെ കാര്യങ്ങളെല്ലാം അല്ലാഹു നിർണയിച്ചുകഴിഞ്ഞു. അവന്റെ സിംഹാസനം (അർശ്) വെള്ളത്തിന്മേലായിരുന്നു" (മുസ്‌ലിം).

മറ്റു ചില റിപ്പോർട്ടുകളിലൂടെ ഇപ്രകാരം സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്:

"അല്ലാഹു ആദ്യമായി സൃഷ്ടിച്ചത് പേനയാണ്. എന്നിട്ടതിനോട് അവൻ എഴുതാൻ കൽപിച്ചു. അത് ചോദിച്ചു: 'എന്റെ രക്ഷിതാവേ, എന്താണ് ഞാൻ എഴുതേണ്ടത്?' അവൻ പറഞ്ഞു: അന്ത്യസമയം വരെയുള്ള എല്ലാറ്റിന്റെയും വിധിനിർണയങ്ങൾ (ഖദ്ർ) നീ രേഖപ്പെടുത്തുക." (അബൂദാവൂദ്)

അതായത്, ഗുണവും ദോഷവും അല്ലാഹുവിന്റെ കൈകളിൽ മാത്രമാണ്. (അഥവാ അവനാണ് കാര്യങ്ങളൊക്കെ നിശ്ചയിക്കുന്നതും നടത്തുന്നതും).

അല്ലാഹു പറയുന്നു: "നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്നപക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്നപക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. തന്റെ ദാസന്മാരിൽ നിന്ന് താൻ ഇച്ഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (ക്വുർആൻ 10:107).

സ്വീകാര്യയോഗ്യമായ പരമ്പരയിലൂടെ തിർമിദി ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു. നബിﷺ പറഞ്ഞു: "നീ അറിയുക! സമൂഹം ഒന്നടങ്കം നിനക്ക് വല്ല ഉപകാരവും ചെയ്തുതരുന്നതിനുവേണ്ടി ഒരുമിച്ചു കൂടിയാൽ പോലും അല്ലാഹു നിനക്ക് വിധിച്ചിട്ടില്ലാത്ത യതൊരു ഉപകാരവും ചെയ്തു തരുവാൻ അവർക്ക് സാധിക്കുകയില്ല. വല്ല തരത്തിലുമുള്ള ബുദ്ധിമുട്ടും നിനക്ക് വരുത്താൻ അവരൊന്നടങ്കം ഒരുമിച്ചുകൂടിയാലും അല്ലാഹു നിനക്ക് വിധിച്ചിട്ടില്ലാത്ത ഒന്നും വരുത്താൻ അവർക്ക് സാധിക്കുകയില്ല. പേനകൾ ഉയർത്തപ്പെട്ടു. ഏടുകൾ ഉണങ്ങി." (അഥവാ വിധികൾ നിർണയിക്കപ്പെട്ടു കഴിഞ്ഞു).

അപ്രകാരം തന്നെ റുബൂബിയ്യത്തിന്റെ വിഷയത്തിൽ സ്വൂഫികൾക്ക് പറ്റിയ മറ്റൊരു ഭീമാബദ്ധമാണ് അദ്വൈത സങ്കൽപം. അതായത്, അല്ലാഹുവല്ലാത്ത ഒന്നും തന്നെയില്ല എന്ന വിശ്വാസം. പ്രപഞ്ചത്തിൽ കാണപ്പെടുന്നതൊക്കെയും അല്ലാഹുവാണത്രെ! നാം ഈ കാണുന്ന ദൃശ്യ പ്രപഞ്ചങ്ങളെല്ലാം തന്നെ ദൈവത്തിന്റെ പ്രകടരൂപങ്ങളാണത്രെ! സർവലോക രക്ഷിതാവാണത്രെ ഈ കാണുന്ന സൃഷ്ടിജാലങ്ങളത്രയും! സത്യനിഷേധികളും മാലിന്യങ്ങളും അടക്കമുള്ള എല്ലാം ദൈവത്തിന്റെ ദൃശ്യരൂപങ്ങളാണെന്ന ഇത്തരം കുഫ്റിന്റെ (സത്യനിഷേധത്തിന്റെ) വാക്കുകൾ ഒരാളും പറയുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. അവരുടെയടുക്കൽ കാണപ്പെടുന്നതൊക്കെയും ദൈവമാണ്. എന്നാൽ ഞാൻ പറയട്ടെ; ഈ കാലത്ത് മതനിയമങ്ങളെ ആദരിക്കുന്ന ബുദ്ധിയുള്ള ഒരാളും അങ്ങനെ പറയുമെന്ന് ഞാൻ സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ല. പക്ഷേ, അങ്ങനെയിരിക്കെയാണ് ആധുനികരായ ചില സ്വൂഫികളുടെ കൃതികളിൽ അങ്ങനെ തന്നെ രേഖപ്പെടുത്തിയിട്ടുള്ളതായി ഞാൻ കാണുന്നത്. അങ്ങനെ ഞാനും അവരിൽ ചിലരും തമ്മിൽ തദ്‌വിഷയകമായി വാഗ്വാദങ്ങൾ നടന്നു. ഈ ഒരൊറ്റ കാര്യത്തെക്കുറിച്ച് ആലോചിച്ചാൽ മതി അതിന്റെ നിരർഥകത മനസ്സിലാക്കാൻ. ഈ വാദമനുസരിച്ച് 'ഞാനാണ് നിങ്ങളുടെ അത്യുന്നതനായ രക്ഷിതാവ്' എന്ന് ഫിർഔൻ പറഞ്ഞതും സത്യമാണെന്ന് അംഗീകരിക്കേണ്ടിവരും. മർയമിന്റെ പുത്രൻ മസീഹ് ദൈവമാണെന്ന് പറഞ്ഞവരെക്കുറിച്ച് അവിശ്വാസികളെന്ന് പറയാൻ പറ്റില്ല എന്നുമാകും. അല്ലാഹു പറയുന്നതാകട്ടെ ഇപ്രകാരമാണ്:

"അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. ഏക ആരാധ്യനല്ലാതെ യാതൊരാരാധ്യനും ഇല്ല തന്നെ. അവർ ആ പറയുന്നതിൽ നിന്ന് വിരമിച്ചില്ലെങ്കിൽ അവരിൽ നിന്ന് അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും" (ക്വുർആൻ 5:73).

അപ്പോൾ സൃഷ്ടികൾ മുഴുവനും അല്ലാഹുവാണ് എന്ന് പറയുന്നവരുടെ സ്ഥിതി എന്തായിരിക്കും?!●

ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com

ലേഖനം

ഫാഷിസം: ചരിത്രം ആവർത്തിക്കുന്നുവോ?: 3




# രണ്ടാം ലോകമഹായുദ്ധവും ഫാഷിസ്റ്റ്, നാസിസ്റ്റ് ശക്തികളുടെ പതനവും

ഇനി നമുക്ക് മുസ്സോളിനിയിലേക്ക് മടങ്ങിവരാം. 1935ൽ മുസ്സോളിനി ആഫ്രിക്കൻ രാജ്യമായ ലിബിയയിൽ കോളനി സ്ഥാപിക്കുകയും ഇറ്റലിക്കാരെ അവിടെ താമസിപ്പിക്കുകയും ചെയ്തു എന്ന് നാം പറഞ്ഞല്ലോ. ഹിറ്റ്‌ലറും ഇതേ മാതൃക തുടങ്ങി. മുസ്സോളിനി ലിബിയ, എത്യോപ്യ, അൽബേനിയ തുടങ്ങിയ രാജ്യങ്ങളെ ആക്രമിച്ച് കീഴടക്കാൻ തുടങ്ങിയപ്പോൾ ഹിറ്റ്‌ലർ അയൽരാജ്യങ്ങളായ പോളണ്ട്, ഓസ്ട്രിയ, ഹംഗറി, നോർവേ, ഫ്രാൻസിന്റെ ചില ഭാഗങ്ങൾ, ചെക്കോസ്ലോവാകിയ, ലക്സംബർഗ്, യൂഗോസ്ലാവിയ, ഗ്രീസ്, നെതർലന്റ്, ബെൽജിയം തുടങ്ങിയ രാജ്യങ്ങളെ പൂർണമായോ ഭാഗികമായോ കീഴ്‌പ്പെടുത്തി. കീഴ്‌പ്പെടുത്തിയ ഈ രാജ്യങ്ങളിലെല്ലാം അവർ അവരെ അനുസരിക്കുന്ന പാവ ഗവണമെന്റിനെ (Puppet government) ഉണ്ടാക്കുകയും അതുവഴി അവരുടെ പദ്ധതികൾ അവിടങ്ങളിൽ നടപ്പാക്കുകയും ചെയ്തു.

ഹിറ്റ്‌ലറുടെയും മുസ്സോളിനിയുടെയും ഈ പോക്ക് അപകടമാണെന്ന് മനസ്സിലാക്കിയ ബ്രിട്ടണും ഫ്രാൻസും രണ്ടുംകൂട്ടരെയും താക്കീത് ചെയ്തു. എന്നാൽ ഹിറ്റ്‌ലർ പിന്മാറിയില്ല. തൽഫലമായി 1939 സെപ്റ്റംബർ 3ന് ഫ്രാൻസും ബ്രിട്ടണും ജർമനിയോട് യുദ്ധം ആരംഭിച്ചു. ഈ യുദ്ധത്തിൽ കൂടുതൽ രാജ്യങ്ങൾ പക്ഷംചേരുകയും അതൊരു വൻയുദ്ധമാവുകയും ചെയ്തു. ഒരു പക്ഷത്ത് ഫാഷിസ്റ്റ് ഇറ്റലിയും നാസിസ്റ്റ് ജർമനിയും ഒപ്പം ജപ്പാനും അണിനിരന്നപോൾ മറുവശത്ത് എതിരാളികളായി ഫ്രാൻസും ബ്രിട്ടണും അമേരിക്കയും റഷ്യയും ഒരുമിച്ചു. ഈ രാജ്യങ്ങളാണ് നേരിട്ട് യുദ്ധം ചെയ്തതെങ്കിലും നേരിട്ടല്ലാതെ മറ്റു ചില രാജ്യങ്ങളും (ഓസ്‌ട്രേലിയ, ന്യൂസിലാൻഡ്, കാനഡ, ചൈന) പങ്കെടുത്തു.

ലോക ചരിത്രത്തിലെ ഏറ്റവും രക്തരൂക്ഷിതമായ യുദ്ധമാണു രണ്ടാം ലോക മഹായുദ്ധം. ആകെ 6-7 കോടി ജനങ്ങൾ ഈ യുദ്ധത്തിൽ മരിച്ചു എന്നാണ് ഔദ്യോഗിക കണക്ക്. 1939 മുതൽ 1945 വരെ നീണ്ടുനിന്ന ഈ യുദ്ധത്തിന്റെ ഒടുവിൽ സ്വേഛാധിപത്യ രാജ്യങ്ങളായിരുന്ന ഇറ്റലി, ജർമനി കൂട്ടുകെട്ട് പരാജയപ്പെടുകയാണുണ്ടായത്.

### മുസ്സോളിനിയുടെ അന്ത്യം

ബ്രിട്ടണിന്റെയും ഫ്രാൻസിന്റെയും അമേരിക്കയുടെയും അംഗആയുധ ശക്തിക്ക് മുന്നിൽ പിടിച്ച് നിൽക്കാനാകാതെ ഇറ്റലി പരാജയപ്പെട്ടു. മുസ്സോളിനിയും ഭാര്യയും രഹസ്യമായി നാടുകടക്കാനുള്ള ശ്രമത്തിനിടെ യാത്രയിൽ കൊല്ലപ്പെട്ടു. മുസ്സോളിനിയുടെ മൃതദേഹം ഇറ്റലിയിൽ എത്തിച്ചപ്പോൾ ജനങ്ങൾ മൃതദേഹത്തിൽ കാർക്കിച്ച് തുപ്പുകയും അടിക്കുകയും ചവിട്ടുകയും ചെയ്തു. ഇക്കാലം വരെയുള്ള അന്നാട്ടിലെ പൗരന്മാരുടെ രോഷം മുഴുവൻ അവർ മൃതദേഹത്തോട് പ്രതികാരം കാണിച്ച് ശമിപ്പിച്ചു. ഈ സംഭവം നടന്നത് 1945 ഏപ്രിൽ 28ന് ആയിരുന്നു.

### ഹിറ്റ്‌ലറുടെ അന്ത്യം

മുസ്സോളിനിയുടെ മരണം കഴിഞ്ഞു രണ്ട് ദിവസത്തിനു ശേഷം ഹിറ്റ്‌ലർ ആത്മഹത്യ ചെയ്യുകയാണുണ്ടായത്. യുദ്ധത്തിൽ തന്റെ കക്ഷിയായ ഇറ്റലിയുടെ പരാജയത്തിന്റെയും മുസ്സോളിനിയുടെ മരണത്തിന്റെയും വാർത്ത കേട്ടതോടെ ഹിറ്റ്‌ലറുടെ ധൈര്യം ചോർന്നു പോവുകയും ഹിറ്റ്‌ലറും ഭാര്യയും ഒളിവിൽ പോവുകയും ചെയ്തു. എന്നാൽ റഷ്യൻ സൈന്യം ബെർലിനിലേക്ക് പ്രവേശിച്ചപ്പോൾ താൻ പിടിക്കപ്പെടുമെന്ന് മനസ്സിലാക്കിയ ഹിറ്റ്‌ലർ സ്വയം വെടിവച്ച് ആത്മഹത്യ ചെയ്തു. ഈ സംഭവം നടന്നത് 1945 ഏപ്രിൽ 30ന് ആയിരുന്നു. ജീവനോടെ പിടിക്കാൻ പറ്റാത്തതിന്റെ ദേഷ്യത്തിൽ സൈന്യം ഹിറ്റ്‌ലറുടെയും ഭാര്യയുടെയും മൃതദേഹങ്ങൾ പെട്രോൾ ഒഴിച്ച് കത്തിച്ച് കളഞ്ഞു. ഹിറ്റ്‌ലറുടെ കീഴ്താടിയിലെ വെപ്പുപല്ല് വഴിയാണ് പിന്നീട് മൃതദേഹം തിരിച്ചറിഞ്ഞത്.

### രണ്ടാം ലോകമഹായുദ്ധം അവസാനിക്കുന്നു

ഇറ്റലിയും ജർമനിയും പരാജയപ്പെട്ടപ്പോഴും തോൽക്കാൻ തയ്യാറാകാതെ അവരുടെ കക്ഷിയായ ജപ്പാൻ മുന്നേറി. ജപ്പാൻ അമേരിക്കയുടെ സൈനിക കേന്ദ്രമായ Pearl Harbourൽ അപ്രതീക്ഷിതമായ ബോംബാക്രമണം നടത്തി. ഇതിനു തിരിച്ചടിയെന്നോണം അമേരിക്ക ജപ്പാനിലെ ഹിരോഷിമയിൽ 1945 ആഗസ്റ്റ് 6ന് ചരിത്രത്തിലെ ആദ്യത്തെ ആറ്റം ബോംബ് വർഷിച്ചു. ഇത് വീണ ആദ്യത്തെ ദിവസം തന്നെ ഒന്നര ലക്ഷം പേർ മരിച്ചു. ആഗസ്റ്റ് 9 ന് രണ്ടാമത്തെ ആറ്റം ബോംബ് നാഗസാക്കിയിൽ വർഷിച്ചു. ഇത് വീണ ദിവസം 50,000 പേർ മരിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ മരണസംഖ്യ കൂടി. ഈ രണ്ട് ആക്രമണങ്ങളും ജപ്പാന് താങ്ങാവുന്നതിലുമപ്പുറമായിരുന്നു. ഇതോടെ ജപ്പാനും കീഴടങ്ങിയതായി പ്രഖ്യാപിക്കുകയും രണ്ടാം ലോക മഹായുദ്ധം അവസാനിക്കുകയും ചെയ്തു.


PARIS EDITION
EXTRA THE STARS AND STRIPES EXTRA
Daily Newspaper of U.S. Armed Forces in the European Theater of Operations
Vol. 1—No. 285 1 Fr. 1 Fr. Tuesday, May 8, 1945

VICTORY

Nazis Reveal Surrender To Western Allies, Russia

The unconditional surrender of Germany to the Western Allies and Soviet Russia was announced by the German high command yesterday morning.

The official announcements from the Allied governments are expected to come simultaneously from Washington, London and Moscow today.

The British Ministry of Information, proclaiming that today would be 'Victory in Europe Day,' said Prime Minister Churchill would make 'an official announcement' at 3 PM.

President Truman said he had agreed with the British and Russian governments that no surrender proclamation would be made 'until simultaneous announcements could be made by the three governments.'

King George VI of England sent Gen. Eisenhower a cablegram last night congratulating him and his armies on the 'complete and crushing victory' in Europe.

The Associated Press broke the news of the surrender in a story from Rheims, France, that the Allies had announced Germany's surrender at 0241 hours yesterday morning. It said the surrender took place in the little red school house that is Gen. Eisenhower's headquarters.

Col. Gen. Gustaf Jodl, German army chief of staff, signed for Germany, it was reported.

The Associated Press story apparently was premature. From dispatches coming from Washington and London, it appeared that arrangements were being made to announce the surrender simultaneously in the three capitals when the news broke. This seemed apparent from President Truman's statement and news stories from London saying that Truman, Churchill and Stalin had conferred by telephone during the day.

Supreme Headquarters said it authorized no such story to be sent out. However, the American Broadcasting Station in Europe—operated by the Office of War Information—was reported by International News Service to have

(Continued on Page 8)

**Nazis Still Fight Reds At Prague**

**Prayer, Tears, Laughter—The World Celebrates**

By David A. Gordon

People in Allied cities throughout the world yesterday accepted the news of the reported unconditional surrender of Germany as true—despite lack of official announcements from the governments of the U.S., Britain and Russia—and celebrated with prayer, liquor, tears and laughter.

## ഏകാധിപതികളുടെ അന്ത്യം: ചരിത്രം നൽകുന്ന പാഠം

ലോകത്ത് ജീവിച്ചിരുന്ന ഏകാധിപതികളുടെയെല്ലാം ചരിത്രം ഒരുപോലെയാണ്. അവർ ഉയർന്ന് വരുന്നതും അടക്കിഭരിക്കുന്നതും അവസാനം മരണപ്പെടുന്നതിലും എല്ലാം ഈ സാമൃത കാണാം. ഇവരുടെയെല്ലാം അന്ത്യം വളരെ മോശമായ രീതിയിലായിരുന്നു എന്നത് ശ്രദ്ധേയമാണ്.

ഈ ഏകാധിപതികൾക്കെല്ലാം മുമ്പ് ഈജിപ്തിൽ ജീവിച്ചിരുന്ന ഏകാധിപതിയായ ഒരു ഫിർഔനിനെ കുറിച്ച് കുർആനിൽ (ബൈബിളിലെ ഫറോവ) പറയുന്നുണ്ട്. ഫിർഔനിന്റെ ദുരന്തപൂർണമായ മരണം എടുത്ത് പറഞ്ഞ ശേഷം കുർആനിൽ ഇങ്ങനെ കാണാം:

"എത്രയെത്ര തോട്ടങ്ങളും അരുവികളുമാണ് അവർ വിട്ടേച്ചു പോയത്! (എത്രയെത്ര) കൃഷികളും മാന്യമായ പാർപ്പിടങ്ങളും! അവർ ആഹ്ലാദപൂർവം അനുഭവിച്ചിരുന്ന (എത്രയെത്ര) സൗഭാഗ്യങ്ങൾ! അങ്ങനെയാണത് (കലാശിച്ചത്). അതെല്ലാം മറ്റൊരു ജനതയ്ക്ക് നാം അവകാശപ്പെടുത്തി കൊടുക്കുകയും ചെയ്തു. അപ്പോൾ അവരുടെ പേരിൽ ആകാശവും ഭൂമിയും കരഞ്ഞില്ല. അവർക്ക് ഇടകൊടുക്കപ്പെടുകയുമുണ്ടായില്ല. ഇസ്രാഈൽ സന്തതികളെ അപമാനകരമായ ശിക്ഷയിൽ നിന്ന് നാം രക്ഷിക്കുക തന്നെ ചെയ്തു; ഫിർഔനിൽ നിന്ന്. തീർച്ചയായും അവൻ അഹങ്കാരിയായിരുന്നു. അതിക്രമകാരികളിൽ പെട്ടവനുമായിരുന്നു" (കുർആൻ 44:25-31).

സ്വാമി വിവേകാനന്ദൻ പറഞ്ഞു: "...വേദാന്തം ഈ ഒരു തത്ത്വം വ്യത്യസ്ത രീതിയിൽ പഠിപ്പിക്കുന്നു. അതിന് ആരോടും ഒരു എതിർപ്പുമില്ല. നിങ്ങളൊരു ക്രിസ്ത്യാനിയോ ബുദ്ധനോ ജൂതനോ ഹിന്ദുവോ ആവട്ടെ, നിങ്ങൾ വിശ്വസിക്കുന്ന ചരിത്രം എന്തുമാകട്ടെ, നിങ്ങൾ വിശ്വസിക്കുന്നത് നസ്റേത്തിലെ പ്രവാചകനിലോ (യേശു), മക്കയിലെ പ്രവാചകനിലോ (മുഹമ്മദ് നബി), ഇന്ത്യയിലെ പ്രവാചകനിലോ ആവട്ടെ, അത് (വേദാന്തം) അതിനൊന്നും എതിരല്ല, എല്ലാ മതങ്ങളുടെയും




അടിസ്ഥാന തത്ത്വത്തെ കുറിച്ച് മാത്രമാണതിനു സംസാരിക്കാനുള്ളത്" (Quotes from Complete works of Swami Vivekananda, Vol 5, Prose & poem)

മുകളിൽ നാം എടുത്ത് കൊടുത്തത് ഇന്ത്യ കണ്ടതിൽ വെച്ച്, ഏറ്റവും വലിയ ഒരു ഹൈന്ദവ പണ്ഡിതന്റെ വാക്കുകളാണ്. സ്വാമി വിവേകാനന്ദനെ (1863-1902) അറിയാത്ത ഇന്ത്യക്കാരൻ ഉണ്ടാവാനിടയില്ല. 1893ൽ അമേരിക്കയിലെ ചിക്കാഗൊയിൽ നടന്ന ലോക മതസൗഹാർദ സമ്മേളനത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് സംസാരിച്ചത് സ്വാമി വിവേകാനന്ദനായിരുന്നു. ഇന്ത്യയുടെ ഐക്യത്തെ കുറിച്ചും മതസൗഹാർദത്തെ കുറിച്ചും വിവിധമതങ്ങളെ കുറിച്ചും അന്ന് അദ്ദേഹം അഭിമാനപൂർവം ലോകത്തിനു പരിചയപ്പെടുത്തി.

വിവേകാനന്ദൻ മരണപ്പെട്ട് 120 ഓളം വർഷങ്ങൾ കഴിഞ്ഞുപോയി. അന്ന് അദ്ദേഹം ലോകത്തിനു പരിചയപ്പെടുത്തിയ ഇന്ത്യയല്ല ഇന്ന് ലോക രാജ്യങ്ങൾക്ക് അറിയുന്ന ഇന്ത്യ. ഇന്ന് ഏത് ഇന്ത്യക്കാരനാണ് മറ്റൊരു നാട്ടിൽ പോയി എന്റെ രാജ്യം സമാധാനത്തിന്റെതാണ് എന്ന് പറയാൻ സാധിക്കുക? വിവിധ ദർശനങ്ങളുടെ സംഗമഭൂമിയാണെന്ന് പറയാൻ സാധിക്കുക? വിവേകാനന്ദൻ സ്വപ്നം കണ്ടത് ഹിന്ദുവും മുസ്‌ലിമും ക്രിസ്ത്യനും ബുദ്ധനും ജൈനനും ഫാർസിയും സിഖുകാരനും കൂടി പടുത്തുയർത്തുന്ന

ഇന്ത്യയായിരുന്നു. വിശാല മനസ്സുള്ള വിവേകാനന്ദന്റെ അനുയായികളെന്നവകാശപ്പെടുന്നവരിൽ ഇടുങ്ങിയ മനസ്സുള്ള 'ചുരുക്കം ചിലർ' പക്ഷേ, സ്വപ്നം കാണുന്നത് ഹിന്ദുക്കൾ മാത്രം ജീവിക്കുന്ന ഇന്ത്യാരാജ്യത്തെയാണ്. എന്തുകൊണ്ടിത് സംഭവിച്ചു?

### 'ഹിന്ദുമതവും' 'ഹിന്ദുത്വവും' തമ്മിലുള്ള വ്യത്യാസം

വിശദമായ ചർച്ചയിലേക്ക് കടക്കുന്നതിനു മുമ്പ് ഈ രണ്ട് പദങ്ങളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കൽ നിർബന്ധമാണ്. അല്ലാത്തപക്ഷം അത് ചില തെറ്റുധാരണകൾ ഉണ്ടാക്കാനിടയുണ്ട്. 'ഹിന്ദുമതം' എന്നത് ഹിന്ദുപണ്ഡിതന്മാരുടെ തന്നെ വിശദീകരണപ്രകാരം ഒരു ജീവിത രീതിയാണ്. ഇന്ത്യയിൽ രൂപംകൊണ്ടതും നിലനിന്നിരുന്നതുമായ എല്ലാ വിശ്വാസ, സംസ്കാര, കർമ, ആചാരങ്ങളും ഹിന്ദുമതം അതിന്റെ ഭാഗമായി സ്വീകരിക്കുന്നു. വേദങ്ങൾ, ഉപനിഷത്തുകൾ, ശ്രുതികൾ, സ്മൃതികൾ, ആരണ്യകങ്ങൾ, പുരാണങ്ങൾ തുടങ്ങിയവ അതിന്റെ അടിസ്ഥാന ഗ്രന്ഥങ്ങളായി കണക്കാക്കപ്പെടുന്നു.

എന്നാൽ 'ഹിന്ദുത്വം' എന്നത് മതമല്ല, അതൊരു 'രാഷ്ട്രീയ സിദ്ധാന്ത'മാണ്. അഥവാ ഹിന്ദുരാഷ്ട്ര വാദ സിദ്ധാന്തം. ഹിന്ദുമതം പഠിപ്പിക്കുന്നത് എങ്ങനെ ഒരു ഹിന്ദുവായി ജീവിക്കാം എന്നതാണെങ്കിൽ 'ഹിന്ദുത്വം' പഠിപ്പിക്കുന്നത് എങ്ങനെ ഒരു ഹിന്ദുരാഷ്ട്രം ഉണ്ടാക്കാം എന്നതാണ്.


ഇക്കാര്യം ചില ഉദാഹരണത്തിലൂടെ പറഞ്ഞാൽ ഒന്നുകൂടി വ്യക്തമാകും. സ്വാമി വിവേകാനന്ദനും ഗാന്ധിജിയും എസ്. രാധാകൃഷ്ണനും 'ഹിന്ദുമത' വിശ്വാസികളായിരുന്നു; പക്ഷേ, 'ഹിന്ദുത്വ' വാദക്കാരായിരുന്നില്ല. നരേന്ദ്രനാഥ് (വിവേകാനന്ദന്റെ ശരിയായ പേര്) 'ഹിന്ദുമത' വിശ്വാസിയായിരുന്നെങ്കിൽ നരേന്ദ്ര മോഡി 'ഹിന്ദുത്വ'വാദിയാണ്. ഗാന്ധിജി 'ഹിന്ദു മതക്കാരൻ' ആയിരുന്നെങ്കിൽ ഗാന്ധിജിയെ കൊന്ന ഗോഡ്സെ 'ഹിന്ദുത്വ'വാദിയാണ്. ശ്രീ ശങ്കരാചാര്യരും ശ്രീരാമകൃഷ്ണ പരമഹംസരും ഇന്ത്യ കണ്ട 'ഹിന്ദുമതക്കാരായ' യോഗികൾ ആയിരുന്നെങ്കിൽ ഉത്തർപ്രദേശിലെ യോഗി ആണെന്ന് പറയപ്പെടുന്ന യോഗി ആദിത്യനാഥ് 'ഹിന്ദുത്വ'വാദിയാണ്. ഹിന്ദുത്വത്തിനു കൂടുതൽ ഉദാഹരണങ്ങൾ ആവശ്യമില്ലെന്ന് കരുതുന്നു.

(ഈ വ്യത്യാസം പ്രത്യേകം എടുത്ത് പറയാനുള്ള കാരണം ഹിന്ദുത്വവാദികൾ തന്നെ പലപ്പോഴും അവരുടെ രാഷ്ട്രീയ താൽപര്യങ്ങൾക്ക് വേണ്ടി ഹിന്ദുമതത്തെ ഹിന്ദുത്വവുമായി കൂട്ടിക്കുഴക്കാറുണ്ട് എന്നതാണ്).

ഈ ലേഖനത്തിന്റെ തുടർന്നുള്ള ഭാഗത്ത് നാം സംസാരിക്കുക, 'ഹിന്ദുത്വത്തെ' കുറിച്ചാണ്, 'ഹിന്ദുമത'ത്തെ കുറിച്ചല്ല.

### സ്വാമി വിവേകാനന്ദനെ 'ഹിന്ദുത്വ' വാദിയാക്കി മാറ്റാനുള്ള ശ്രമം

ആർ.എസ്.എസ് 'ഹിന്ദുത്വ' വാദക്കാരാണെന്നത് അറിയപ്പെട്ട കാര്യമാണല്ലോ. സ്വാമി വിവേകാനന്ദനെ കൂടി ഒരു ഹിന്ദുത്വ വാദിയായി ആർ.എസ്.എസ് പരിചയപ്പെടുത്തുന്നത് കാണാം. സത്യത്തിൽ ആർ.എസ്.എസ് രൂപം കൊള്ളുന്നതിനു 25 വർഷം മുമ്പേ മരണപ്പെട്ട വ്യക്തിയാണ് സ്വാമി വിവേകാനന്ദൻ. അദ്ദേഹത്തിനു ആർ.എസ്.എസ്സുമായോ അത് പ്രതിനിധാനം ചെയ്യുന്ന 'ഹിന്ദുത്വ' ആശയങ്ങളുമായോ യാതൊരു ബന്ധവുമില്ല. അദ്ദേഹം അത്തരം രീതിയിൽ എവിടെയെങ്കിലും പ്രസംഗിച്ചതോ എഴുതിയതോ കാണാൻ സാധിക്കുകയുമില്ല. മറിച്ച് അദ്ദേഹത്തിനു മറ്റ് മതസ്ഥരോടുള്ള സമീപനം എന്താണെന്ന് നാം ഏറ്റവും ആദ്യം കൊടുത്ത അദ്ദേഹത്തിന്റെ വാക്കുകൾ വായിച്ചാൽ മനസ്സിലാകും.





ഹിന്ദുത്വവാദിയായ സവർക്കർ ആണ്. അദ്ദേഹം 1923ൽ എഴുതിയ 'ഹിന്ദുത്വ' എന്ന പുസ്തകത്തിലാണ് ഈ വാക്ക് ആദ്യമായി പ്രത്യക്ഷപ്പെടുന്നത്. ഈ വാക്കിലൂടെയും പുസ്തകത്തിലും അദ്ദേഹം പറയുന്നതിന്റെ ചുരുക്കം ഇതാണ്: ഇന്ത്യ എന്നത് 'ഹിന്ദു സംസ്‌കാരങ്ങളുടെ രാഷ്ട്രമാണ്. ഇന്ത്യയിലെ മതങ്ങളും സംസ്‌കാരങ്ങളും മാത്രമെ ഇവിടെ പാടുള്ളൂ. ഇത് ഒരു ഹിന്ദു രാഷ്ട്രമാകണം. അതിനായി ഇന്ത്യക്ക് പുറത്തുനിന്ന് വന്ന സംസ്‌കാരങ്ങളായ ഇസ്‌ലാം, ക്രൈസ്തവ വിശ്വാസങ്ങൾ പുറംതള്ളപ്പെടേണ്ടതാണ്.'

പിന്നെ എന്തിനു വിവേകാനന്ദനെ ഒരു 'ഹിന്ദുത്വ'വാദിയായി അവതരിപ്പിക്കുന്നു? ഉത്തരം വ്യക്തം. സ്വാമി വിവേകാനന്ദനെ ബഹുമാനിക്കുന്ന, അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ പിന്തുടരാൻ ശ്രമിക്കുന്ന നിർദോഷികളായ കോടിക്കണക്കിനു സാധാരണ ഹിന്ദുക്കളെ കൂടി 'ഹിന്ദുമതത്തിൽ'നിന്ന് 'ഹിന്ദുത്വ'ത്തിലേക്ക് മസ്തിഷ്‌ക പ്രക്ഷാളനം ചെയ്യാനുള്ള ബോധപൂർവമായ ശ്രമമാണ് ഇതൊക്കെ.

മറ്റൊരു ആർ.എസ്.എസ് നേതാവായ ബാബ സാഹിബ് ആപ്‌തെ പറയുന്നത് 'സ്വാമി വിവേകാനന്ദൻ ഞങ്ങൾക്ക് ഭഗവത്ഗീത പോലെ'യാണ് എന്നാണ്. ഈ വാക്കുകൾ ആത്മാർഥമാണെങ്കിൽ 'സ്‌നേഹപൂർവം' നമുക്ക് അവരോട് ചോദിക്കാനുള്ളത് സ്വാമി വിവേകാനന്ദന്റെതായി നാം ആദ്യം ഉദ്ധരിച്ച വാക്കുകൾ അവർ സ്വീകരിക്കാനും ജീവിതത്തിൽ പകർത്താനും തയ്യാറാണോ എന്നാണ്.

ആർ.എസ്.എസ്സിനു സ്വാമി വിവേകാനന്ദനോടുള്ള സ്‌നേഹം ആത്മാർഥമാണെങ്കിൽ എന്തുകൊണ്ട് അദ്ദേഹം മുന്നോട്ട് വെച്ച 'സർവ ധർമ സമഭാവന' (എല്ലാ മതങ്ങളോടുമുള്ള സമഭാവന) എന്ന ആശയം ഉൾക്കൊള്ളുന്നില്ല?

## ഹിന്ദുത്വത്തിന്റെ ചരിത്രം

'ഹിന്ദുത്വ' എന്ന പദം ആദ്യമായി ഉപയോഗിച്ചത് ഇന്ത്യയിലെ ആദ്യത്തെ

സവർക്കറുടെ വാക്കുകൾ തന്നെ ഉദ്ധരിക്കാം: '...അവരുടെ (മുസ്‌ലിംകൾ, ക്രൈസ്തവർ) പുണ്യഭൂമി അങ്ങ് അറേബ്യയിലും പാലസ്തീനിലുമാണ്. അവരുടെ പുണ്യപുരുഷന്മാരും ചരിത്രവും ആശയങ്ങളുമൊന്നും ഈ മണ്ണിന്റെത് (ഇന്ത്യയുടെത്) അല്ല. അവരുടെ പേരുകളും വേഷഭൂഷാദികളും വൈദേശികമാണ്...'

'...അവർ ഈ രാജ്യത്തിന്റെ സംസ്‌കാരത്തിനോട് യോജിച്ച് പോകാൻ പറ്റാത്തവരാണ്' (Competing fundamentalism: Violent extremism in Christiantiy, Islam & Hinduism, by Sathianathan Clarcke)

നോക്കൂ! നാം ആദ്യം പരാമർശിച്ച വിവേകാനന്ദന്റെ ചിന്തയിൽ നിന്ന് സവർക്കറിന്റെ ചിന്തയിലേക്കുള്ള ദൂരം എത്രയാണെന്ന്..!

## സവർക്കർ ഒരു നിരീശ്വരവാദി

സവർക്കർ ഇങ്ങനെയൊക്കെ എഴുതുമ്പോളും വാദിക്കുമ്പോഴും നിങ്ങൾ അദ്ദേഹം ഒരു കറകളഞ്ഞ ഹിന്ദുമത വിശ്വാസിയാണെന്ന് കരുതാനിടയുണ്ട്. എന്നാൽ സവർക്കറുടെ ജീവിത ചരിത്രം എഴുതിയ Chithra Das Gupta, Dhananjay Keer എന്നിവരൊക്കെ പറയുന്നത് സവർക്കർ ഒരു ദൈവനിഷേധി യായിരുന്നുവെന്ന് മാത്രമല്ല; അദ്ദേഹം ഹിന്ദുമത വിശ്വാസ, ആചാരങ്ങളെ നിശിതമായി എതിർത്ത് സംസാരിക്കുക കൂടി ചെയ്തിരുന്നു എന്നാണ്. ഹിന്ദു ആചാരങ്ങൾ അബദ്ധമാണെന്നും ശാസ്ത്ര വിരുദ്ധമാണെന്നും സവർക്കർ വാദിച്ചു. ഇതിൽ നിന്നും മനസ്സിലാകുന്നത് 'ഹിന്ദുത്വ'വാദിയായ സവർക്കർക്ക് 'ഹിന്ദു മതത്തോട്' യാതൊരു മതിപ്പും ബന്ധവും ഇല്ലായിരുന്നുവെന്നും അതേസമയം ഒരു ഹിന്ദുരാഷ്ട്രം ഇവിടെ വേണം എന്നും വാദിച്ച ആളായിരുന്നു എന്നുമാണ്!

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം

**ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 6**



# അവധാനത

ധൃതി വെടിയലും സാവകാശം കൈക്കൊള്ളലും കാര്യങ്ങൾ അവധാനതയോടെ ഉറപ്പാക്കലും തീർപ്പാക്കലും നിയന്ത്രിക്കലും സൽസ്വഭാവങ്ങളിൽ പെട്ടതാണ്. ഒരു വ്യക്തിയുടെ മികച്ച ബുദ്ധിയും ഹൃദയസമാധാനവുമാണ് അയാളുടെ അവധാനത വിളിച്ചറിയിക്കുന്നത്. വഴികേടിൽ നിന്നും തെറ്റുകളിൽനിന്നും ദുർഗുണങ്ങളിൽ നിന്നും പൈശാചിക തന്ത്രങ്ങൾ, ആധിപത്യം എന്നിവയിൽ നിന്നും അത് മനുഷ്യനെ സംരക്ഷിക്കും. അല്ലാഹുവിന്റെ പ്രീതിയും ഇഷ്ടവും അത് മനുഷ്യന് നേടിക്കൊടുക്കുകയും ചെയ്യും.

അബ്ദുൽകയ്സ് ഗോത്രത്തിലെ അശജ്ജിനോട് തിരുദൂതർ ﷺ പറഞ്ഞു:

"താങ്കളിൽ രണ്ട് സ്വഭാവങ്ങളുണ്ട് അവരണ്ടും അല്ലാഹു ഇഷ്ടപ്പെടുന്നു. വിവേകവും അവധാനതയും"(മുസ്‌ലിം). അനസി(റ)ൽനിന്ന് നിവേദനം:

"സാവകാശം അല്ലാഹുവിൽ നിന്നാണ്. ധൃതി പിശാചിൽ നിന്നുമാണ്" (സുനനുത്തുർമുദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

സാവകാശം അല്ലാഹുവിൽ നിന്നാണ് എന്നു പറഞ്ഞാൽ അവൻ ഇഷ്ടപ്പെടുകയും പ്രതിഫലമേകുകയും ചെയ്യുന്ന കാര്യമാണത് എന്നാണ്. ധൃതി പിശാചിൽ നിന്നാണ് എന്നാൽ വസ്‌വാസിലൂടെ ധൃതി കാണിക്കുവാൻ പ്രേരണയേകുന്നത് പിശാചാണെന്നാണ്; കാരണം ധൃതി കാ

ര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും പര്യവസാനങ്ങളെ കുറിച്ച് ആലോചിക്കുന്നതിനും തടയിടുന്നു.

അബൂസഈദിൽഖുദ്‌രിﷺയിൽ നിന്ന് നിവേദനം: “സാവകാശം എല്ലാ വിഷയത്തിലും ഉത്തമമാണ്. പരലോകത്തിനായുള്ള കർമങ്ങളിലൊഴികെ” (സുനനു അബീദാവൂദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

വാർത്തകൾ വരുമ്പോഴും കേർക്കുമ്പോഴും അവധാനത കാണിക്കലും ഉറപ്പാക്കലും സ്ഥിരീകരിക്കലും വിശ്വാസിയുടെ ബാധ്യതയാണ്. അല്ലാഹു പറയുന്നു:

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധത്തിനു പോയാൽ (ശത്രു ആരെന്നും മിത്രം ആരെന്നും) നിങ്ങൾ വ്യക്തമായി മനസ്സിലാക്കണം. നിങ്ങൾക്ക് സലാം അർപ്പിച്ചവനോട് നീ വിശ്വാസിയല്ല എന്ന് നിങ്ങൾ പറയരുത്. ഇഹലോക ജീവിതത്തിലെ നേട്ടം കൊതിച്ചുകൊണ്ടാണ് (നിങ്ങളങ്ങനെ പറയുന്നത്). എന്നാൽ നേടിയെടുക്കാവുന്ന ധാരാളം സ്വത്തുകൾ അല്ലാഹുവിന്റെ അടുക്കലുണ്ട്. മുമ്പ് നിങ്ങളും അത് പോലെ (അവിശ്വാസത്തിൽ) ആയിരുന്നല്ലോ. അനന്തരം അല്ലാഹു നിങ്ങൾക്ക് അനുഗ്രഹം ചെയ്തു. അതിനാൽ നിങ്ങൾ (കാര്യങ്ങൾ) വ്യക്തമായി (അന്വേഷിച്ച്) മനസ്സിലാക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു” (ക്വുർആൻ 4:94).

“സത്യവിശ്വാസികളേ, ഒരു അധർമകാരി വല്ല വാർത്തയുംകൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങൾ ആപത്തു വരുത്തുകയും, എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കുവാൻ വേണ്ടി” (ക്വുർആൻ 49:06).

നമസ്കാരത്തിലേക്ക് പോകുമ്പോൾ സാവകാശവും സമാധാനവും പാലിക്കൽ കൽപിക്കപ്പെട്ട കാര്യമാണ്. ധൃതിയും തിരക്കുകൂട്ടലും വിരോധിക്കപ്പെട്ടതുമാണ്. അബൂക്വതാദﷺ പറയുന്നു:

“നബിയോടൊപ്പം ഞങ്ങൾ നമസ്കരിച്ചുകൊണ്ടിരിക്കവെ ആളുകളുടെ കോലാഹലം നബിﷺ കേട്ടു. നബിﷺ നമസ്കാരത്തിൽ നിന്ന് വിരമിച്ചപ്പോൾ ചോദിച്ചു: ‘നിങ്ങളുടെ കാര്യം എന്താണ്?’ അവർ പ്രതികരിച്ചു: ‘നമസ്കാരത്തിലേക്ക് ധൃതി കാണിച്ചതാണ്.’ തിരുമേനിﷺ പറഞ്ഞു: ‘നിങ്ങൾ ധൃതി കാണിക്കരുത്. നിങ്ങൾ നമസ്കാരത്തിലേക്ക് വരികയായാൽ നിങ്ങളിൽ സമാധാനമുണ്ടാകണം. നിങ്ങൾക്ക് ലഭിച്ചത് നിങ്ങൾ നമസ്കരിക്കുക. നിങ്ങൾക്ക് നഷ്ടപ്പെട്ടത് നിങ്ങൾ പൂർത്തിയാക്കുക”(മുസ്നദു അഹ്മദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

അബൂഹുറയ്റﷺ പറയുന്നു: “നിങ്ങൾ ഇക്വാമത്ത് കേട്ടാൽ സമാധാനവും ഒതുക്കവുമുള്ളവരായി നമസ്കാരത്തിലേക്ക് നടന്നുചെല്ലുക. നിങ്ങൾ ധൃതികാണിക്കരുത്. നിങ്ങൾക്ക് ലഭിച്ചത് നിങ്ങൾ നമസ് കരിക്കുക. നിങ്ങൾക്ക് നഷ്ടപ്പെട്ടത് നിങ്ങൾ പൂർത്തിയാക്കുക” (ബുഖാരി).

വിജ്ഞാനം നുകരുമ്പോഴും അറിവ് അഭ്യസിക്കുമ്പോഴും ധൃതി വെടിയലും സാവകാശം കൈക്കൊള്ളലും അനിവാര്യമാണ്. തിരുദൂതരോട് അല്ലാഹു പറയുന്നു:

“നീ അത്(ക്വുർആൻ) ധൃതിപ്പെട്ട് ഹൃദിസ്ഥമാക്കാൻ വേണ്ടി അതും കൊണ്ടു നിന്റെ നാവ് ചലിപ്പിക്കേണ്ട” (ക്വുർആൻ 75:16).

സംസാരിക്കുമ്പോൾ മനസ്സിലാകുംവിധം സാവകാശത്തിലും വ്യക്തതയിലും സംസാരിക്കണം. നബിﷺയുടെ സംസാര മര്യാദയെ കുറിച്ച് ആഇശﷺ പറയുന്നു:

“തിരുമേനി സംസാരിക്കുമായിരുന്നു. എണ്ണുന്ന ഒരാൾ അത് എണ്ണിയിരുന്നുവെങ്കിൽ അതിനെ തിട്ടപ്പെടുത്താമായിരുന്നു”(സുനനു അബൂദാവൂദ്. അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചു).

അനസിﷺൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: “അല്ലാഹുവിന്റെ റസൂൽﷺ ഒരു വചനം പറഞ്ഞാൽ അത് തിരുമേനിയിൽ നിന്ന് മനസ്സിലാക്കപ്പെടുവാൻ മൂന്നു തവണ ആവർത്തിക്കുമായിരുന്നു...” (ബുഖാരി).

നിരപരാധിയായിട്ടും ജയിൽജീവിതം നയിക്കേണ്ടിവന്നു യൂസുഫ് നബിﷺക്ക്. തന്നെ ജയിലിലടച്ച ഭരണാധികാരി അദ്ദേഹത്തെ മോചിപ്പിക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത വിവരം വിളിച്ചറിയിക്കുവാൻ ആളെ നിയോഗിക്കുകയും ചെയ്തപ്പോൾ യൂസുഫ് നബിﷺ ധൃതി കാണിക്കുകയോ എടുത്ത് ചാടുകയോ ചെയ്തില്ല. പ്രത്യുത അദ്ദേഹത്തിന്റെ പ്രതികരണം,

നീ നിന്റെ യജമാനന്റെ അടുത്തേക്ക് തിരിച്ചു പോയിട്ട് സ്വന്തംകൈകൾ മുറിപ്പെടുത്തിയ ആ സ്ത്രീകളുടെ നിലപാടെന്താണെന്ന് അദ്ദേഹത്തോട് ചോദിച്ച് നോക്കുക. തീർച്ചയായും എന്റെ രക്ഷിതാവ് അവരുടെ തന്ത്രത്തെപ്പറ്റി നന്നായി അറിയുന്നവനാകുന്നു. (ക്വുർആൻ 12:50)

യൂസുഫ് നബി കാണിച്ച അവധാനതയെ ഒരിക്കൽ തിരുദൂതർ പറഞ്ഞു:

“യൂസുഫ് കഴിച്ചു കൂട്ടിയ കാലം ഞാൻ ജയിലിൽ കഴിച്ചു കൂട്ടുകയും എന്നെ വിളിക്കുവാൻ രാജദൂതൻ വരുകയും ചെയ്തിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ക്ഷണത്തിന് ഞാൻ ഉത്തരമേകുമായിരുന്നു.”(ബുഖാരി)

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
abooyahyakfn@gmail.com



# ശ്രദ്ധിച്ചുകേൾക്കുക

വിശുദ്ധ ക്വുർആനിലെ അൻപതാം അധ്യായമായ അൽക്വാഫിലെ 37ാമത്തെ വചനത്തിൽ അല്ലാഹു പറയുന്നു: "ഹൃദയമുള്ളവനായിരിക്കുകയോ, മനസ്സാന്നിധ്യത്തോടെ ചെവികൊടുത്ത് കേൾക്കുകയോ ചെയ്തവന്ന് തീർച്ചയായും അതിൽ ഒരു ഉൽബോധനമുണ്ട്."

അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചുതള്ളിയ മുൻകാല സമുദായങ്ങൾക്ക് ലഭിച്ച ശിക്ഷയെ സംബന്ധിച്ച് ഉണർത്തിയതിനുശേഷം ഈ വചനത്തിലൂടെ ഗൗരവമേറിയ ചില കാര്യങ്ങളാണ് അല്ലാഹു മനുഷ്യരെ പഠിപ്പിക്കുന്നത്. ഉൽബോധനങ്ങൾ ഒരു മനുഷ്യന് സ്വീകരിക്കുവാൻ കഴിയുന്നത് പ്രധാനമായും രണ്ടു ഗുണങ്ങൾ അവനിൽ ഉണ്ടാകുമ്പോഴാണ്.

ഒന്നാമതായി 'ഹൃദയമുണ്ടാകണം.' എല്ലാവർക്കും ഹൃദയമുണ്ടല്ലോ? പിന്നെ ഈ വചനത്തിൽ ഹൃദയമുള്ളവനായിരിക്കണം എന്നു പറയാനുള്ള കാരണം എന്താണ്? പണ്ഡിതന്മാർ നമുക്കത് വിശദീകരിച്ച് നൽകുന്നുണ്ട്.

'ഹൃദയം ഉണ്ടാകണം എന്നാൽ ചിന്തിക്കുന്ന ഒരു ഹൃദയമുണ്ടാകണം എന്നാണ് അർഥം. അത്തരം ആളുകൾക്ക് മാത്രമാണ് ഉൽബോധനങ്ങളും പൂർവികരുടെ ചരിത്രങ്ങളും ഉപകാരപ്പെടുന്നത്. വെറുമൊരു ഹൃദയമുണ്ടായിട്ടു കാര്യമില്ല എന്നർഥം.

രണ്ടാമതായി 'ശ്രദ്ധിച്ചുകേൾക്കണം.' നാമൊക്കെയും കേൾക്കുന്നവരാണ്. എങ്കിലും എല്ലാവരുടെയും കേൾവി ഒരുപോലെയല്ല. കേൾക്കുന്നതെല്ലാം ഒരു വ്യക്തിക്ക് ഉപകാരപ്പെടണമെന്നില്ല. എന്നാൽ മനഃസാന്നിധ്യത്തോടുകൂടി, ഞാൻ ആവശ്യക്കാരനാണ് എന്ന ചിന്തയോടുകൂടി കേൾക്കുമ്പോഴാണ് ആ കേൾവി ഉപകാരപ്പെടുന്നത്. അഥവാ ഈ വചനം നമ്മോട് പറയുന്നത് കാര്യങ്ങൾ മനഃസാന്നിധ്യത്തോടുകൂടി ശ്രദ്ധിച്ചുകേൾക്കുക എന്നതാണ്.

എന്നാൽ ചിലരെ സംബന്ധിച്ച് അല്ലാഹു പറയുന്നു: "അവരുടെ രക്ഷിതാവിങ്കൽ നിന്ന് പുതുതായി ഏതൊരു ഉൽബോധനം അവർക്ക് വന്നെത്തിയാലും കളിയാക്കുന്നവരായിക്കൊണ്ട് മാത്രമെ അവരത് കേൾക്കുകയുള്ളൂ..." (ക്വുർആൻ 21:2).

ദൈവിക വെളിപാടിൽനിന്ന് ലഭിക്കുന്ന ഏതൊരു സന്ദേശത്തെയും അശ്രദ്ധമായ മനസ്സോടെ തമാശയായിക്കൊണ്ടാണ് അവർ കേൾക്കുന്നത്. അതുകൊണ്ട്തന്നെ ഇത്തരം കേൾവിക്കാർക്ക് ഉൽബോധനങ്ങൾ ഒരിക്കലും ഉപകാരപ്പെടുകയില്ല. മനുഷ്യന് അല്ലാഹു കാതുകളും ഹൃദയവും നൽകിയിട്ടുണ്ട്. ആ ഹൃദയം കൊണ്ട് അവൻ ചിന്തിക്കണം. മനുഷ്യന് ചിന്തിക്കാൻ കഴിയുന്നതാകട്ടെ ശ്രദ്ധയോടെ കേൾക്കുമ്പോൾ മാത്രമാണ്. മനുഷ്യഹൃദയത്തിനു ചിന്തയുടെ വാതിൽ തുറന്നുകൊടുക്കുന്ന മാധ്യമമാണ് കണ്ണുകളും കാതുകളും. മൂസാനബി(അ)യോട് അല്ലാഹു പറഞ്ഞതുപോലെ; 'നിനക്ക് ബോധനം നൽകപ്പെടുന്നത് ശ്രദ്ധിച്ച് കേൾക്കുക.'

അതിനാൽ ശരിയായ വിജ്ഞാനങ്ങളിലേക്ക് മനുഷ്യന്റെ ശ്രദ്ധതിരിയേണ്ടതുണ്ട്. ക്വുർആനിലൂടെയും പ്രവാചകനിലൂടെയും നമുക്ക് ലഭിച്ച വിജ്ഞാനസാഗരത്തിനു മുന്നിൽ മനഃസാന്നിധ്യത്തോടെ, ശ്രദ്ധയോടെ നമ്മുടെ കണ്ണുകളും കാതുകളും തുറന്നുവെക്കുക. അശ്രദ്ധയും അവഗണനയും തീരാദുഃഖത്തിലേക്ക് മനുഷ്യനെ തള്ളിവിടും. മനുഷ്യരിൽനിന്നും ജിന്നുകളിൽനിന്നും വലിയ ഒരു വിഭാഗം നരകത്തിൽ പോകാനുള്ള കാരണം വിശുദ്ധ ക്വുർആനിൻ പറയുന്നത് കാണുക:


"ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും ധാരാളം പേരെ നാം നരകത്തിന് വേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് മനസ്സുകളുണ്ട്. അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുകയില്ല. അവർക്കു കണ്ണുകളുണ്ട്. അതുപയോഗിച്ച് അവർ കണ്ടറിയുകയില്ല. അവർക്ക് കാതുകളുണ്ട്. അതുപയോഗിച്ച് അവർ കേട്ടു മനസ്സിലാക്കുകയില്ല. അവർ കാലികളെപ്പോലെയാകുന്നു. അല്ല; അവരാണ് കൂടുതൽ പിഴച്ചവർ. അവർ തന്നെയാണ് ശ്രദ്ധയില്ലാത്തവർ" (ക്വുർആൻ 7:179).

ശ്രദ്ധിച്ചു കേൾക്കുക, കാര്യം ഗ്രഹിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

അൽത്താഫ് അമ്മാട്ടിക്കുന്ന്
althafammatikunnu@gmail.com

ലേഖനം

ടിപ്പു സുൽത്താൻ: ചരിത്രം വീണ്ടും വായിക്കുമ്പോൾ: 2



# ടിപ്പു സുൽത്താൻ: വിരോധത്തിന്റെ മതവും രാഷ്ട്രീയവും

### ജാതീയതയും ടിപ്പുവും

സംഘപരിവാര പ്രഭൃതികൾക്ക് ടിപ്പുവിനോടുള്ള അമർഷത്തിന്റെ മുഖ്യകാരണം അദ്ദേഹം ജാതീയതയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു സാമൂഹികക്രമം രാജ്യത്ത് നടപ്പിൽ വരുത്തിയില്ല എന്നതാണ്. മാനവിക വിരുദ്ധമായ വർണാശ്രമ ധർമവ്യവസ്ഥ സമൂഹത്തിൽ നിലനിർത്തിയാൽ മാത്രമേ അതിനെ ഉപജീവിച്ചുകൊണ്ട് വളർന്ന 'സംഘ'ത്തിന് നിലനിൽക്കാൻ കഴിയൂ. ജനാധിപത്യവ്യവസ്ഥയിൽ അവർണരുടെ വോട്ട് കൈക്കലാക്കാൻ അവരെ സൂത്രത്തിൽ കൂടെ നിർത്തുന്നത് വേറെ കാര്യം. ഇന്ത്യയിലെ മുസ്‌ലിം രാജഭരണകാലങ്ങളിൽ പൊതുവെയും ടിപ്പുവിന്റെ കാലഘട്ടത്തിൽ പ്രത്യേകിച്ചും നടന്ന സാമൂഹ്യ പരിഷ്‌കരണമായിരുന്നു അവർണ ജനവിഭാഗങ്ങൾ അനുഭവിച്ച ആശ്വാസം. ജാതീയതയുടെ അടിമച്ചങ്ങലകളിൽപ്പെട്ട് നിത്യദുരിതമനുഭവിക്കുന്ന അനേകർക്ക് മുസ്‌ലിം ഭരണകാലഘട്ടങ്ങളിൽ മാനവിക പരിഗണന നൽകപ്പെട്ടു. കറുത്തവനും വെളുത്തവനും സവർണനും അവർണനും

ഇസ്‌ലാമിന്റെ കണ്ണിൽ സ്വാഭാവികമായും മനുഷ്യരായിരുന്നു. സ്വാഭാവികമായും ഇതിൽ ഏറ്റവുമധികം അലോസരപ്പെട്ടത് ഇവിടെയുള്ള മേൽജാതിക്കാരായിരുന്നു. അവർണർ മാനുഷികമായ ആനുകൂല്യങ്ങൾ അനുഭവിക്കുന്നത് തടസ്സപ്പെടുത്താൻ പഴയ കാലത്തും കൊണ്ടുപിടിച്ച പരിശ്രമങ്ങൾ സവർണ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ഈ വസ്തുതയിലേക്ക് വെളിച്ചം വീശുന്ന ഒരു പ്രസ്താവന ആർ.എസ്.എസിന്റെ അവതാരപുരുഷനായ ഗോൾ വാൾക്കറുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. അദ്ദേഹം എഴുതുന്നു. "ചാതുർവർണ്യത്തിലധിഷ്ഠിതമായ നമ്മുടെ സാമൂഹിക സംവിധാനത്തിൽ ആദ്യമായി ഇടപെട്ട മതം ഇസ്‌ലാമാണ്. ഇൻഡ്യയിലെ നമ്മുടെ വർഗ-ജാതി ഘടനയെ ഇസ്‌ലാം വെല്ലുവിളിച്ചു. ഇസ്‌ലാമിനുശേഷം വന്ന എല്ലാ വിഭാഗങ്ങളും നമ്മെ നിർവീര്യമാക്കാനുള്ള ശ്രമത്തിൽ അതേ വെല്ലുവിളി ഉയർത്തുകയാണ് ചെയ്തത്." (Thought on some current problems, 1948, Page: 26)

സാമ്രാജ്യങ്ങൾക്കും യുദ്ധത്തിനും വേണ്ടി നടത്തപ്പെട്ട മനുഷ്യക്കുരുതികൾ രാജഭരണ കാലഘട്ടങ്ങളിൽ സാർവത്രികമായിരുന്നു. മുസ്‌ലിം രാജാക്കൻമാരും ഹിന്ദു രാജാക്കൻമാരും ഇപ്രകാരമുള്ള യുദ്ധങ്ങൾ നടത്തിയതായി ഇന്ത്യാചരിത്രങ്ങളിൽ കാണാം. ഇത്തരക്കാരെ വെള്ള പൂശാനുള്ള ഒരു ശ്രമവും മുസ്‌ലിം പക്ഷത്തുനിന്ന് ഉണ്ടായതായി ഈ ലേഖകന് അറിയാൻ കഴിഞ്ഞിട്ടില്ല. പക്ഷേ ഇത്തരക്കാരെ മാറ്റിനിർത്തി നീതിമാൻമാരായ മുസ്‌ലിം ഭരണാധികാരികളെ മാത്രം സംഘപരിവാരം ഉന്നം വെക്കാനുള്ള കാരണം നേരത്തെ ഗോൾവാൾക്കർ സൂചിപ്പിച്ചതാണ്. അതെ, ടിപ്പുവിന്റെ കാലഘട്ടത്തിൽ അവർണ ജനവിഭാഗങ്ങൾ മാനസികമായും സാംസ്കാരികമായും സാമ്പത്തികമായും പുരോഗതി പ്രാപിച്ചു. അടിസ്ഥാന വിഭാഗങ്ങളുടെയും അവരുടെ ജീവിതവൃത്തിയായ കൃഷി വേലയെയും സുൽത്താൻ പ്രോത്സാഹിപ്പിച്ചു. അവരെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരാനുള്ള നടപടികൾ ആവിഷ്കരിച്ചു. ഇന്നത്തെപ്പോലെ കേവല രാഷ്ട്രീയ ലാഭത്തിനുവേണ്ടിയായിരുന്നില്ല അത്.

പലർക്കും വിശ്വസിക്കാൻ വിഷമം തോന്നും, എല്ലാ പ്രജകളും തന്നിൽ ദൈവത്താൽ ഏൽപിക്കപ്പെട്ടവരാണെന്നുള്ള ദൃഢവിശ്വാസക്കാരനായ ടിപ്പു തന്റെ രാജ്യത്തെ കൃഷിക്കാരുടെ ക്ഷേമത്തിനുവേണ്ടി അതിനുമുമ്പും പിമ്പും ഇന്ത്യയിൽ ഒരു ഭരണാധികാരിയും ചെയ്തിട്ടില്ലാത്തതുപോലെ മനഃപൂർവം ബുദ്ധിമുട്ടിയിട്ടുണ്ട്. ധനതത്ത്വശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും തരിപോലും താണ്ടാത്ത കാലത്തും നേരിട്ട് കൃഷി ചെയ്യുന്നവന്റെ ഐശ്വര്യത്തിനുവേണ്ടി ടിപ്പു ചെലുത്തിയിരുന്ന ശ്രദ്ധയും നടപടികളും ആശ്ചര്യപൂർവം പ്രശംസിക്കുന്ന ജെയിംസ് മിൽ എഴുതിയത് കാണുക:




"കൈകൊണ്ട് പ്രയത്നിക്കുന്നവരുടെ ഐശ്വര്യമാണ് രാജ്യത്തിന്റെ ഐശ്വര്യമെന്ന് കാണാൻ ടിപ്പുവിന് കണ്ണുണ്ടായിരുന്നു. വളരെ സംസ്കൃതമായ സമൂഹത്തിലെ ഭരണാധികാരികൾക്ക് കാണാൻ കഴിയാത്ത ഈ സത്യം മനസ്സിലാക്കിയ ടിപ്പു, ഇടത്തട്ടുകാരിൽ നിന്നും ശരിയായ കൃഷിക്കാരെ രക്ഷിക്കുകയെന്ന ദുസ്സാധ്യകൃത്യം തന്റെ സ്ഥിരം ചുമതലയായി കണക്കാക്കി വന്നു." (Mill & Wilson, Vol, Page: 148)

മാറുമറയ്ക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി കീഴാളസ്ത്രീകൾ മുറവിളി കൂട്ടിയത് ഈ അടുത്തകാലത്ത് മാത്രമാണ് എന്നു നമുക്കറിയാം. എന്നാൽ ടിപ്പു ആ സ്വാതന്ത്ര്യം അവർണർക്ക് തന്റെ അധികാരമുപയോഗിച്ച് വകവെച്ചു നൽകി. പടയോട്ടം നടന്ന സ്ഥലങ്ങളിലെല്ലാം ഉച്ചനീചത്വങ്ങൾക്കെതിരെ രാജകൽപന പുറപ്പെടുവിക്കാനും ടിപ്പു മടിച്ചില്ല. അതിന്റെ സാമൂഹിക പ്രത്യാഘാതം ആ വിപ്ലവകാരിക്ക് പ്രശ്നവുമല്ലായിരുന്നു. തൃശൂർ ജില്ലയിലെ 'ചേലക്കര' എന്ന പ്രദേശത്തെ അവർണ വിഭാഗങ്ങളോട് മാറുമറച്ച് മാന്യതയാർജ്ജിക്കാൻ ടിപ്പു നിർദേശിച്ചു. അങ്ങനെയാണ് പ്രസ്തുത പ്രദേശത്തിന് 'ചേലക്കര' എന്ന പേര് ലഭിച്ചത്.

ഇൻഡ്യാ ഉപഭൂഖണ്ഡത്തിലെ എത്രയോ നാട്ടുരാജ്യങ്ങളിൽ ഹിന്ദു രാജാക്കൻമാർ ഭരണം നടത്തിയിട്ടും ജാതീയതക്കെതിരെ ചെറുവിരൽ അനക്കിയിട്ടുണ്ടോ എന്ന് എല്ലാ നിഷ്പക്ഷമതികളും ചിന്തിക്കേണ്ടതുണ്ട്. ഇവി

ടെയാണ് ടിപ്പുവും ഇതര രാജാക്കൻമാരും തമ്മിലുള്ള സാമൂഹിക അന്തരം. വളരെ സജീവമായ ഒരു മനസ്സായിരുന്നു ടിപ്പുവിന്റെതെന്നും ആ മനസ്സിന് വിദ്യാഭ്യാസപരമായ നല്ല സജ്ജീകരണങ്ങൾ ഉണ്ടായിരുന്നെന്നും നമുക്ക് മനസ്സിലാക്കാം. വിവിധ വിഷയങ്ങളിലുള്ള രണ്ടായിരത്തിലധികം പുസ്തകങ്ങളുള്ള ഒരു ലൈബ്രറി അദ്ദേഹത്തിനുണ്ടായിരുന്നു. തന്റെ തിരക്കിട്ട ജീവിതത്തിലും ഗ്രന്ഥപാരായണത്തിനുള്ള സമയം അദ്ദേഹം നീക്കിവെച്ചതായി ചരിത്രത്തിൽ നാം കാണുന്നു. (Kirmani, Page: 200). ടിപ്പുവിന് പല യൂറോപ്യൻ ഭാഷകളും വശമുണ്ടായിരുന്നതായി ഫ്രഞ്ച് ചരിത്രകാരനായ മിഷോഡ് പ്രസ്താവിക്കുന്നു.

### ക്രിസ്തീയ സംഘടനകൾ ടിപ്പുവിനെ എതിർക്കുന്നത് എന്തുകൊണ്ട്?

സംഘപരിവാരത്തിന്റെ ടിപ്പു വിരോധത്തിന്റെ കാരണങ്ങൾ നാം കണ്ടു. എന്നാൽ ക്രിസ്തീയ വിഭാഗങ്ങൾ എന്തുകൊണ്ട് ടിപ്പു ജയന്തിയോടനുബന്ധിച്ചുണ്ടായ ആക്രമണങ്ങളിൽ പങ്കുകൊണ്ടു എന്ന ചോദ്യത്തിന് ഉത്തരം ഉപരിപ്ലവമായി കാണുക സാധ്യമല്ല. ടിപ്പുവിന്റെ ബ്രിട്ടീഷ് വിരോധം മറച്ചുവെക്കാൻ ചരിത്രകാരൻമാർക്കു സാധ്യമല്ല. ബ്രിട്ടീഷുകാരുമായുള്ള യുദ്ധത്തിൽ നേർക്കുനേർ പൊരുതിമരിച്ച ഒരേയൊരു ഇന്ത്യൻ രാജാവാണ് ടിപ്പു സുൽത്താൻ. ഇംഗ്ലീഷാധിപത്യകാലത്ത് അതിന്റെ ഉപോൽപന്നമായി ക്രൈസ്തവ മിഷനറി പ്രവർത്തനങ്ങൾ സജീവമായിരുന്നു. ഇംഗ്ലീഷുകാരുടെ ശത്രുവായ ടിപ്പുവിനെ സ്വന്തം ശത്രുവായി ക്രൈസ്തവ മതമൗലികവാദികൾ കരുതിയത് സ്വാഭാവികം മാത്രം. എന്നാൽ ആധുനിക കാലത്തെ ക്രൈസ്തവ വർഗീയതയുടെ ടിപ്പു വിരോധത്തിന്റെ കാരണങ്ങൾ അതിൽനിന്ന് വ്യത്യസ്തമാണ്. ഇന്ത്യയിൽ ശക്തിയാർജിച്ചുകൊണ്ടിരിക്കുന്ന ഹിന്ദു തീവ്രവാദ സംഘടനകൾ മതന്യൂനപക്ഷങ്ങളുടെ നേർക്ക് വാളുയർത്തുമ്പോൾ ഹിന്ദു ദേശീയതയുടെ ഓരം ചേർന്നാണ് തങ്ങളും നിൽക്കുന്നത് എന്ന് സംഘപരിവാരത്തെ ബോധ്യപ്പെടുത്തുകയാണിവർ. അതിനായി ടിപ്പു ക്രൈസ്തവ ദേവാലയങ്ങളും തകർത്തിരുന്നു എന്ന് ഇക്കൂട്ടർ പ്രചരിപ്പിക്കുന്നു. മുസ്‌ലിം 'ആക്രമണങ്ങളിൽ' ഹിന്ദുക്കളും ക്രൈസ്തവരും തുല്യദുഃഖിതരാണ് എന്ന് പ്രതീതി ജനിപ്പിക്കുകയാണിവർ. തന്മൂലം തങ്ങളുടെ പൂർവികരുടെ ബ്രിട്ടീഷ് ഭക്തി തന്ത്രപൂർവം മറച്ചുവെക്കാം. അതോടൊപ്പം സംഘപരിവാരത്തിന്റെ ഇഷ്ടക്കാരാവുകവഴി അവരിൽനിന്ന് നേരിടേണ്ടി വന്നേക്കാവുന്ന ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യാം. ഇതല്ലാതെ മറ്റ് കാരണങ്ങൾ ഒന്നുംതന്നെ ക്രിസ്തീയ ടിപ്പുവിരോധത്തിനില്ല എന്നതാണ് വസ്തുത. പി.കെ ബാലകൃഷ്ണൻ എഴുതുന്നു. "ഡച്ച് കമ്പനിയുടെയും ഇംഗ്ലീഷ് കമ്പനിയുടെയും സിൽബന്ധികളെന്ന നിലയിൽ ക്രിസ്ത്യാനികൾക്കും നേരിട്ടിട്ടുണ്ട് ചില ദുരനുഭവങ്ങൾ. അവരും എഴുതിവെച്ചിട്ടുണ്ട് ടിപ്പുവിന്റെ മതഭ്രാന്തിനെപ്പറ്റി പലതും." (ടിപ്പു സുൽത്താൻ, പേജ് 133).

> **സംഘപരിവാര പ്രഭൃതികൾക്ക് ടിപ്പുവിനോടുള്ള അമർഷത്തിന്റെ മുഖ്യകാരണം അദ്ദേഹം ജാതീയതയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു സാമൂഹികക്രമം രാജ്യത്ത് നടപ്പിൽ വരുത്തിയില്ല എന്നതാണ്. മാനവിക വിരുദ്ധമായ വർണാശ്രമ ധർമവ്യവസ്ഥ സമൂഹത്തിൽ നിലനിർത്തിയാൽ മാത്രമേ അതിനെ ഉപജീവിച്ചുകൊണ്ട് വളർന്ന 'സംഘ്'ത്തിന് നിലനിൽക്കാൻ കഴിയൂ. ജനാധിപത്യവ്യവസ്ഥയിൽ അവർണരുടെ വോട്ട് കൈക്കലാക്കാൻ അവരെ സൂത്രത്തിൽ കൂടെ നിർത്തുന്നത് വേറെ കാര്യം.**



## ടിപ്പു ഹിന്ദു വിരുദ്ധനോ?

"ടിപ്പുവിന്റെ മതഭ്രാന്ത് സൂര്യപ്രകാശംപോലെ തെളിവാവശ്യമില്ലാത്ത ഒന്നായിട്ടാണ് ചരിത്രകാരൻമാർ അംഗീകരിച്ചിരുന്നത്. യാതൊരു രാഷ്ട്രീയബന്ധവുമില്ലാതെ അന്യമതക്കാരനാണെന്ന കാരണം കൊണ്ടുമാത്രം, ഏതെങ്കിലും വിഭാഗത്തെ എപ്പോഴെങ്കിലും ടിപ്പു ദ്രോഹിച്ചതായി സ്പഷ്ടമായൊരുദാഹരണവുമില്ല. തെളിവുകളന്വേഷിച്ചു ചെല്ലുമ്പോൾ ഈ അന്യമത ധ്വംസനത്തിന്റെ തെളിവത്രയും മലബാറിൽ നിന്നാണെന്ന് കാണാം. പക്ഷേ അവിടെ ത്തന്നെ കേട്ടുകേൾവിയാണ് ഓരോ സംഭവത്തിനും അടിസ്ഥാനം. മലബാറിൽനിന്ന് (ജന്മിപ്രഭുത്വത്തിൽ നിന്നും) അധികാരഭ്രഷ്ടരാക്കപ്പെട്ട നായൻമാരും നമ്പൂതിരിമാരുമാണ് ഈ കേട്ടവരും കുറിച്ചവരുമെന്ന് പറയുമ്പോൾ പിന്നിലുള്ള ആത്മാർഥത മനസ്സിലാകുമെങ്കിലും അന്തഃപ്രചോദനം പരിശുദ്ധമാണെന്ന് സമ്മതിക്കാനാവില്ല. ആധുനിക രീതിയിലുള്ള ഒരു രാഷ്ട്രത്തിന്റെ ഉയർച്ചയിൽ രാഷ്ട്രീയം, സാമ്പത്തികം, മതപരം എന്നീ മൂന്നവകാശങ്ങളും തുലഞ്ഞ് കാട്ടിൽ കഴിയേണ്ടിവരുന്നൊരു വിഭാഗം ടിപ്പുവിന്റെ 'ദുഷ്ട ക്രൂരനിഷ്ഠമായ' മതഭ്രാന്തുകണ്ട് നിഷ്കളങ്കമായി ഞെട്ടിയെങ്കിൽ അതിൽ തെറ്റില്ല. പക്ഷേ ഇന്നുള്ളവർ അത് സ്വീകരിക്കുന്നതിൽ വളരെ തെറ്റുണ്ട്. 1782 മുതൽ 92 വരെ മൈസൂറിലെ മതഭ്രാന്തൻ 'ഇസ്‌ലാം അല്ലെങ്കിൽ മരണ'മെന്ന് ഇവർ പറയുന്നതുപോലെ ഗർജിച്ചുനടന്നിട്ട് കേരളത്തിൽ ഏതെല്ലാം കേന്ദ്രങ്ങളിലാണ് മുസ്‌ലിംകൾ പുതിയതായി വർധിച്ചതെന്ന് ആരും പറയുന്നില്ല.

അതുപോലെ തന്നെ ടിപ്പുവിനെതിരായി മലബാറിലെ മാപ്പിളമാർ വലിയ ലഹള നടത്തുന്നത് സാമൂതിരി വംശത്തിലെ രവിവർമയും നായൻമാരും കൂട്ടുചേർന്ന് മൈസൂർ ഗവർണർക്ക് വേണ്ടി അടിച്ചമർത്തുന്നത് ഇവർ കാണുന്നില്ല. കണ്ടാൽ തന്നെയും മുസ്‌ലിംകൾ പോലും ലഹളക്കൊരുങ്ങത്തക്കവിധത്തിൽ അയാൾ അത്ര ദുഷ്ടനായിരുന്നു എന്ന് ഒരാണി കൂടി ടിപ്പുവിന്റെ തലയിൽ അവർ തറയ്ക്കും.

ഹിന്ദു ക്ഷേത്രങ്ങളോട് ടിപ്പുവിന്റെ മനോഭാവത്തെക്കുറിച്ച് അതിശയകരമായ വിവരങ്ങളാണ് വെളിക്കുവന്നിരിക്കുന്നത്. ശൃംഗേരി മഠാധിപതിയിൽ നിന്നും വെളിക്കുവന്നിട്ടുള്ള രേഖകളും കത്തുകളും ആരെയും അത്ഭുതപ്പെടുത്തും. 1791ൽ ബ്രാഹ്മണ സൈന്യാധിപന്റെ കീഴിൽ കടന്നുപോയ മഹാരാഷ്ട്ര സൈന്യം മഠത്തിൽപ്പെട്ട പലരെയും കൊല്ലുകയും സ്വത്തുക്കൾ കൊള്ളയടിക്കുകയും ചെയ്തുവെന്നും, മഠാധിപതി ക്ഷേത്രപുനരുദ്ധാരണത്തിന് സുൽത്താന്റെ സഹായമപേക്ഷിച്ചെന്നും ടിപ്പു വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തതു കൂടാതെ അവിടുത്തെ ഗുരുവുമായി ബന്ധം പുലർത്തി വന്നുവെന്നും നേരെ പ്രതിപാദിക്കുന്ന രേഖകളാണ് അവയെല്ലാം. ആ ബന്ധത്തിന്റെ സ്വഭാവം കാണിക്കാൻ 1793ൽ സുൽത്താൻ എഴുതിയ ഈ എഴുത്തിലെ ചില വാചകങ്ങൾ ഉദ്ധരിക്കാം. "അങ്ങ് ജഗദ്ഗുരുവാണ്. ലോകം മുഴുവൻ വൃദ്ധിപ്പെടുന്നതിനും ജനങ്ങൾ സന്തുഷ്ടരാകുന്നതിനും അങ്ങ് എപ്പോഴും തപസ്സുകൾ അനുഷ്ഠിക്കുന്നയാളാണ്. അങ്ങയെപ്പോലുള്ള ദിവ്യാത്മാക്കൾ ഏത് രാജ്യത്ത് വസിക്കുന്നുവോ, സുഭിക്ഷമായ വർഷംകൊണ്ടും സമ്പന്നമായ വിളകൾകൊണ്ടും ആ രാജ്യത്തിനെപ്പോഴും ശ്രേയസ്സുണ്ടായിരിക്കും. നമ്മുടെയെല്ലാം ഐശ്വര്യത്തിന് വേണ്ടി ദയാപൂർവം അങ്ങ് പ്രാർത്ഥിക്കുക." ടിപ്പുവിനെ ആത്മാർഥമായി ബഹുമാനിച്ചിരുന്ന ആ ജഗദ്ഗുരു, അതുപോലെ തന്നെ ടിപ്പുവിൽ നിന്ന് സമ്പത്തും സമ്മാനങ്ങളും സ്വീകരിച്ചിരുന്ന നിരവധി ഹിന്ദു ക്ഷേത്രങ്ങളിലെ മഠാധിപൻമാരോടൊപ്പം ഒരുപക്ഷേ ആ സുൽത്താന്റെ ശ്രേയസ്സിനുവേണ്ടി പ്രാർഥിച്ചിരുന്നിരിക്കാം. പക്ഷേ മതസഹിഷ്ണുക്കളായ പരിശുദ്ധ ഹിന്ദുക്കൾ പറഞ്ഞേക്കും, ഇസ്‌ലാം മതഭ്രാന്തനായ ടിപ്പുവിനുവേണ്ടി ആ ജഗദ്ഗുരു ഉള്ളിൽ തട്ടി പ്രാർത്ഥിച്ചിരിക്കുകയില്ലെന്നും അതുകൊണ്ടാണ് ഹിന്ദുമത ധ്വംസകനായ ആ ദുഷ്ടൻ ആയുസ്സിന്റെ പകുതിയിൽ തന്നെ ചത്തു തുലഞ്ഞതെന്നും. ഒരുപക്ഷേ അവർ പറയുന്നതായിരിക്കാം ശരി!" (ടിപ്പു സുൽത്താൻ, പി.കെ ബാലകൃഷ്ണൻ. പേജ് 132-136).



## ടിപ്പുവിന്റെ രക്തസാക്ഷ്യം

അവസാന യുദ്ധവും തുടർന്നുണ്ടായ രക്തസാക്ഷ്യവും എല്ലാവർക്കും നിർബന്ധിതമായി തന്നെ അംഗീകരിക്കേണ്ടിവരുന്നു. രാജ്യത്തിനുവേണ്ടിയും നീതിക്കുവേണ്ടിയും തന്റെ പ്രജകളുടെ ക്ഷേമത്തിനുവേണ്ടിയും ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ ശക്തവും ധീരവുമായി പൊരുതി ആ രാജകുമാരൻ രക്തസാക്ഷിയായി. യുദ്ധാവസാനത്തിൽ ടിപ്പുവിന്റെ ജീവനറ്റ ശരീരത്തെക്കുറിച്ചുകൊണ്ട് മേജർ അല്ലൻ ഇങ്ങനെ വിവരിച്ചെഴുതിയിരിക്കുന്നു: "കവാടത്തിൽനിന്നും പുറത്തേക്ക് നീക്കപ്പെട്ടപ്പോൾ ടിപ്പുവിന്റെ കണ്ണുകൾ ശരിക്കും തുറന്നാണിരുന്നത്. ശരീരത്തിന് അപ്പോഴുമുണ്ടായിരുന്ന ചൂടുകൊണ്ട് ജീവനില്ലേ എന്ന് ഞാനും കേണൽ വെല്ലസ്ലിയും അൽപനേരം സംശയിച്ചു..." "ശരീരത്തിൽ നാല് മുറിവുകളുണ്ടായിരുന്നു. മൂന്നെണ്ണം ശരീരത്തിലും ഒന്ന് വലതുചെവിയുടെ മുകൾഭാഗത്തുകൂടി തുളഞ്ഞ് കവിളിലൂടെ എത്തിയിരുന്നു. അദ്ദേഹത്തിന് അഭിജാതമായ ഒരു ദാർശനികതയുണ്ടായിരുന്നു; ഒരുപക്ഷേ മുഖഭാവത്തിൽ ഒരു നിശ്ചഞ്ചലത! സാധാരണ ജനങ്ങളിൽ നിന്ന് ഉയർന്ന ഒരാളാണെന്ന് ആ ഭാവം പ്രസ്പഷ്ടമാക്കി." (Major Allen. Quoted By Mill & Wilson Vol. IV, Page: 136)

അതിനു മുമ്പെന്ന പോലെ പിൽക്കാലങ്ങളിലും ഭത്സനപരമായല്ലാതെ ടിപ്പുവിനെ പരാമർശിച്ച ഇംഗ്ലീഷ് എഴുത്തുകാർ വിരളമാണ്. പക്ഷേ ടിപ്പുവിന്റെ മരണത്തെക്കുറിച്ച് അവരെല്ലാം ബൗറിംഗ് രേഖപ്പെടുത്തിയ വികാരത്തിൽ പങ്കുപറ്റി. "ആ ശവകുടീരത്തിൽ നിൽക്കുമ്പോൾ തന്നെ ദുർബലമായ ശബ്ദവീചികൾ വരെ ഉയർന്ന മേൽക്കൂരയിൽതട്ടി അത്ഭുതകരമായ മുഴക്കത്തോടെ ശക്തമായി, അസ്പഷ്ടമായി താഴേക്ക് പ്രതിധ്വനിക്കാം. ആ സമയത്ത് യോദ്ധാവിനെപ്പോലെ മരിച്ച നിർഭാഗ്യവാനായ ആ രാജകുമാരനെപ്പറ്റി നിമിഷമാത്രമായ ഒരു സഹതാപം ഹൃദയത്തിൽ പുകഞ്ഞുപൊങ്ങുന്നത് തടയാൻ ആർക്കും സാധ്യമല്ല."

ടിപ്പുവിന്റെ മൃതദേഹം അടുത്തദിവസം തന്റെ പിതാവിന്റെ ഖബറിനുസമീപം മറമാടപ്പെട്ടു. വഴിയെ മൃതദേഹം പേറിയുള്ള വിലാപയാത്ര പോകുമ്പോൾ ജനങ്ങൾ തിങ്ങിനിറഞ്ഞിരുന്നുവെന്നും എല്ലാവരും കരയുകയായിരുന്നുവെന്നും ദൃക്സാക്ഷികളായ ഇംഗ്ലീഷുകാരെല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. അന്ധമായ ഇസ്‌ലാം മതവിരോധം കൊണ്ട് വസ്തുതകളെ വസ്തുനിഷ്ഠമായി കാണാൻ കഴിയാത്ത സഹോദരൻമാരോട് ഒരു ചോദ്യം: നാഴികക്ക് നാൽപതുവട്ടം രാജ്യസ്നേഹത്തെപ്പറ്റിയും സനാതന സഹിഷ്ണുതയെപ്പറ്റിയും വാചാലരാകുന്ന നിങ്ങളുടെ ഹൃദയങ്ങളിൽ അൽപമെങ്കിലും ആത്മാർഥതയുണ്ടെങ്കിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ അനശ്വരനായ ഒരു പോരാളിയെക്കുറിച്ച് അനാവശ്യം പറയാൻ നിങ്ങൾക്കെങ്ങനെ കഴിയുന്നു?


### സ്കൂൾ ഓഫ് ഖുർആൻ സെന്ററുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം

മതശിക്ഷണ രംഗത്ത് ചുരുങ്ങിയ കാലം കൊണ്ട് ഏറെ ശ്രദ്ധയാകർഷിച്ച സ്കൂൾ ഓഫ് ഖുർആനിന്റെ പ്രാദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു. ജാമിഅ അൽ ഹിന്ദിന്റെ കീഴിൽ അഞ്ച് വർഷം മുമ്പ് തുടക്കം കുറിച്ച ഈ മഹദ് സംരംഭത്തിന് ഇപ്പോൾ 17 സെന്ററുകളും ഒരു റസിഡൻഷ്യൽ ക്യാമ്പസുമാണുള്ളത്. പ്രാദേശിക സെന്ററുകൾ വഴി അഞ്ച് വർഷം പൂർത്തിയായ പഠിതാക്കളിൽ നിന്ന് മികവ് തെളിയിച്ച വിദ്യാർഥികളെ തെരഞ്ഞെടുത്ത് രാജ്യാന്തര നിലവാരമുള്ള ഭൗതിക പഠന സൗകര്യങ്ങളോടൊപ്പം അഞ്ച് വർഷം കൊണ്ട് ക്വുർആൻ സമ്പൂർണമായി ഹൃദിസ്ഥമാക്കാൻ അവസരം നൽകിക്കൊണ്ട് സമൂഹത്തിന്റെ ഉന്നതതലങ്ങളിൽ ഉയർന്ന കാഴ്ചപ്പാടും ധാർമികബോധമുള്ള വിദഗ്ധരെ വളർത്തിയെടുക്കുകയാണ് സ്കൂൾ ഓഫ് ഖുർആൻ ലക്ഷ്യമിടുന്നത്.

ജാമിഅ നിർദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുത്താൽ അധ്യാപക നിയമനവും ട്രെനിംഗും ദൈനംദിന കാര്യങ്ങളും വേതനവുമടക്കം മുഴുവൻ ഹെഡ് ഓഫീസിൽ നിന്നും നിയന്ത്രിക്കുന്ന രീതിയിലാണ് സ്ഥാപനം ക്രമീകരിച്ചിരിക്കുന്നത്.

സെന്റർ സംബന്ധമായ വിശദവിവരങ്ങൾക്കും അപേക്ഷാ ഫോമിനും 9995588317 എന്ന നമ്പറിൽ ബന്ധപ്പെടുക.

School of Qur'an I Jamia Al-Hind Al-Islamiyya
Jamia Campus I Mini Ootty
Malappuram I Kerala I India I PIN 676519
www.schoolofquran.in I mail@schoolofquran.com




ലേഖനം

അർഷദ് അൽഹികമി, താനൂർ
arshadtnr@gmail.com

# ചില പരീക്ഷാ ചിന്തകൾ

ഒരു പരീക്ഷാകാലം കൂടി അരികിലെത്തുന്നു...

പരീക്ഷയുടെ മുന്നെയുള്ള സമയം ഫലപ്രദമായി ഉപയോഗപ്പെടുത്തിയാൽ ഓരോ പരീക്ഷയും നമുക്ക് മധുരം നൽകും.

### പരീക്ഷക്ക് ഒരുങ്ങുക

നമ്മുടെ പരിശ്രമത്തിനനുസരിച്ചാണ് നമുക്ക് ലഭിക്കുന്ന നേട്ടങ്ങളും. വിതച്ചതേ കൊയ്യൂ എന്നത് നാം മറക്കാതിരിക്കുക. കഠിനാധ്വാനം ചെയ്തിറക്കിയ കൃഷിയിലെ വിളവെടുപ്പാണ് പരീക്ഷ. അധ്വാനിച്ചാൽ വിളവെടുപ്പ് സന്തോഷകരമാവും; അലസൻമാർക്ക് നിരാശയും.

### നല്ല പ്ലാനിങ്ങിന് നല്ല മാർക്ക്

ഏതൊരു കാര്യവും വിജയത്തിലെത്താൻ ലക്ഷ്യബോധവും കൃത്യമായ പ്ലാനിങ്ങും വേണം.

ഉറുമ്പിൻ കൂട്ടം യാത്ര ചെയ്യുന്നത് കണ്ടിട്ടില്ലേ? വഴിയിലെ പ്രതിബന്ധങ്ങളെ അതിജീവിച്ച് അവ ലക്ഷ്യത്തിലേക്ക് കുതിക്കും.

പഠനകാലത്ത് ഏത് പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടി വന്നാലും അവയെ അതിജയിച്ച് ലക്ഷ്യത്തിലെത്താൻ നമുക്ക് കഴിയണം

### പ്രാർഥന മറക്കാതിരിക്കാം

റബ്ബിന്റെ സഹായം ഏത് കാര്യത്തിലും നമുക്കാവശ്യമാണ്. നന്നായി പഠിക്കുക; റബ്ബിനോട് പ്രാർഥിക്കുക. ഏത് സമയത്തും അടിമയുടെ പ്രാർഥന കേൾക്കുന്ന റബ്ബുള്ളപ്പോൾ നമുക്കെന്തിന് നിരാശ? പ്രാർഥനക്ക് ഉത്തരം ലഭിക്കുമെന്ന് നബിﷺ പറഞ്ഞുതന്ന സമയങ്ങൾ പ്രത്യേകം തിരഞ്ഞെടുക്കുക.

### ഭരമേൽപിക്കാം

നമുക്ക് ചെയ്യാൻ കഴിയുന്നത് പരമാവധി ചെയ്യുക; ശേഷം സ്രഷ്ടാവിൽ ഭരമേൽപിക്കുക. അല്ലാഹുവിൽ ഭരമേൽപിച്ചാൽ സഹായിക്കും എന്നത് അവന്റെ വാഗ്ദാനമാണ്. പ്രതീക്ഷയോടെ ഭരമേൽപിക്കുക. അല്ലാഹുവിന്റെ വിധി എന്താണെങ്കിലും അത് ഉൾക്കൊള്ളാൻ തയ്യാറാവുക.

### തിന്മയിൽ സഹകരണമരുത്

വഞ്ചന ഒരു കാര്യത്തിലും അനുവദിക്കപ്പെട്ടതല്ല. അതിനാൽതന്നെ അത് വിശ്വാസിക്ക് ചേർന്നതുമല്ല. കോപ്പിയടിക്കുക എന്നത് വഞ്ചനയാണ്. സഹപാഠികളോടുള്ള, അധ്യാപകരോടുള്ള, സമൂഹത്തോടുള്ള, സ്വന്തത്തോടുള്ള വഞ്ചന. സഹകരിക്കേണ്ടത് നന്മയിലാണ്. തിന്മയോട് പുറംതിരിഞ്ഞ് നിൽക്കാൻ നമുക്കാകണം. അനർഹമായി നേടുന്നതിൽ എങ്ങനെയാണ് സന്തോഷിക്കാൻ കഴിയുക? അർഹതയുള്ളത് കുറച്ചാണെങ്കിലും അതിന് ഒരു മധുരമുണ്ട്.

### ജീവിതമെന്ന പരീക്ഷ മറക്കാതിരിക്കാം

ഈ ജീവിതം ഒരു പരീക്ഷയാണ്. ഏറ്റവും നന്നായി പ്രവർത്തിക്കുന്നവനാര് എന്നറിയാനുള്ള പരീക്ഷ. പരാജിതർക്ക് സേ പരീക്ഷകളോ മറ്റ് അവസരങ്ങളോ ഇല്ലാത്ത പരീക്ഷ. എത്ര സമയമെന്നറിയാത്ത, അവസാന മണി എപ്പോൾ മുഴങ്ങുമെന്നറിയാത്ത പരീക്ഷ.

മറക്കാതിരിക്കുക. സമയം നഷ്ടപ്പെടുത്താതിരിക്കുക. നന്മകൾ സമ്പാദിക്കുക; ഫലപ്രഖ്യാപനത്തിന്റെ വിചാരണ നാളിലേക്ക്.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 67, ഭാഗം: 5

# മുൽക് (ആധിപത്യം)

(മക്കയിൽ അവതരിച്ചത്)

24. പറയുക: അവനാണ് നിങ്ങളെ ഭൂമിയിൽ സൃഷ്ടിച്ച് വളർത്തിയവൻ. അവങ്കലേക്കാണ് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നത്.

25. അവർ പറയുന്നു: എപ്പോഴാണ് ഈ വാഗ്ദാനം (പുലരുന്നത്?) നിങ്ങൾ സത്യവാൻമാരാണെങ്കിൽ (അതൊന്ന് പറഞ്ഞുതരൂ)

26. പറയുക: ആ അറിവ് അല്ലാഹുവിന്റെ പക്കൽ മാത്രമാകുന്നു. ഞാൻ വ്യക്തമായ താക്കീതുകാരൻ മാത്രമാകുന്നു.

27. അത് (താക്കീത് നൽകപ്പെട്ട കാര്യം) സമീപസ്ഥമായി അവർ കാണുമ്പോൾ സത്യനിഷേധികളുടെ മുഖങ്ങൾക്ക് മ്ലാനത ബാധിക്കുന്നതാണ്. നിങ്ങൾ ഏതൊന്നിനെപ്പറ്റി വാദിച്ച് കൊണ്ടിരുന്നുവോ അതാകുന്നു ഇത് എന്ന് (അവരോട്) പറയപ്പെടുകയും ചെയ്യും.

28. പറയുക: നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? എന്നെയും എന്നോടൊപ്പമുള്ളവരെയും അല്ലാഹു നശിപ്പിക്കുകയോ അല്ലെങ്കിൽ ഞങ്ങളോടവൻ കരുണ കാണിക്കുകയോ ചെയ്താൽ വേദനയേറിയ ശിക്ഷയിൽ നിന്ന് സത്യനിഷേധികളെ രക്ഷിക്കാനാരുണ്ട്?

29. പറയുക: അവനാകുന്നു പരമകാരുണികൻ. അവനിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവന്റെ മേൽ ഞങ്ങൾ ഭരമേൽപിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ വഴിയെ നിങ്ങൾക്കറിയാം; ആരാണ് വ്യക്തമായ വഴികേടിലെന്ന്.

30. പറയുക: നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ആരാണ് നിങ്ങൾക്ക് ഒഴുകുന്ന ഉറവുവെള്ളം കൊണ്ട് വന്നു തരിക?

قُلْ هُوَ ٱلَّذِى ذَرَأَكُمْ فِى ٱلْأَرْضِ وَإِلَيْهِ تُحْشَرُونَ ﴿٢٤﴾
وَيَقُولُونَ مَتَىٰ هَٰذَا ٱلْوَعْدُ إِن كُنتُمْ صَٰدِقِينَ ﴿٢٥﴾
قُلْ إِنَّمَا ٱلْعِلْمُ عِندَ ٱللَّهِ وَإِنَّمَآ أَنَا۠ نَذِيرٌ مُّبِينٌ ﴿٢٦﴾
فَلَمَّا رَأَوْهُ زُلْفَةً سِيٓـَٔتْ وُجُوهُ ٱلَّذِينَ كَفَرُوا۟
وَقِيلَ هَٰذَا ٱلَّذِى كُنتُم بِهِۦ تَدَّعُونَ ﴿٢٧﴾
قُلْ أَرَءَيْتُمْ إِنْ أَهْلَكَنِىَ ٱللَّهُ وَمَن مَّعِىَ أَوْ رَحِمَنَا
فَمَن يُجِيرُ ٱلْكَٰفِرِينَ مِنْ عَذَابٍ أَلِيمٍ ﴿٢٨﴾
قُلْ هُوَ ٱلرَّحْمَٰنُ ءَامَنَّا بِهِۦ وَعَلَيْهِ تَوَكَّلْنَا
فَسَتَعْلَمُونَ مَنْ هُوَ فِى ضَلَٰلٍ مُّبِينٍ ﴿٢٩﴾
قُلْ أَرَءَيْتُمْ إِنْ أَصْبَحَ مَآؤُكُمْ غَوْرًا
فَمَن يَأْتِيكُم بِمَآءٍ مَّعِينٍ ﴿٣٠﴾

24). (പറയുക: അവനാണ് നിങ്ങളെ ഭൂമിയിൽ സൃഷ്ടിച്ചു വളർത്തിയവൻ) അതിന്റെ ഭൂഖണ്ഡങ്ങളിൽ നിങ്ങൾ വിന്യസിപ്പിച്ചവൻ. അതിന്റെ വിവിധ ഭാഗങ്ങളിൽ നിങ്ങളെ താമസിപ്പിച്ചവൻ; നിങ്ങളോട് കൽപിച്ചവനും വിരോധിച്ചവനും നിങ്ങൾക്ക് അനുഗ്രഹങ്ങൾ നൽകിയവനും. അവനെക്കൊണ്ട് നിങ്ങൾ പ്രയോജനമെടുക്കുകയും ചെയ്യുന്നു. പിന്നീടവൻ നിങ്ങളെ ഉയിർത്തെഴുന്നേൽപ് നാളിൽ ഒരുമിച്ച് കൂട്ടുകയും ചെയ്യുന്നു.

25). എന്നാൽ ഈ പ്രതിഫല വാഗ്ദാനത്തെ ഈ ധിക്കാരികൾ നിഷേധിക്കുന്നു. (അവർ പറയുന്നു) വ്യാജമാക്കിക്കൊണ്ട്.

(എപ്പോഴാണ് ഈ വാഗ്ദാനം (പുലരുന്നത്). നിങ്ങൾ സത്യവാന്മാരാണെങ്കിൽ. (അതൊന്നു പറഞ്ഞുതരൂ). അത് സംഭവിക്കുന്ന സമയം അവർക്ക് അറിയിച്ചുകൊടുക്കണമെന്നത് അവർ സത്യമംഗീകരിക്കാനുള്ള അടയാളമാക്കി. ഇത് അക്രമവും ധിക്കാരവുമാണ്.

26). (പറയുക: ആ അറിവ് അല്ലാഹുവിന്റെ പക്കൽ മാത്രമാകുന്നു). ഒരു സൃഷ്ടിയുടെ അടുക്കലും അതില്ല. ഇതിന്റെ സമയം പറയുന്നതിന്റെയും ഈ വാർത്ത സത്യപ്പെടുത്തുന്നതിന്റെയും ഇടയിൽ ബന്ധമില്ല. സത്യപ്പെടുത്തുന്നത് തെളിവുകൾ കൊണ്ട് മാത്രമാണ്.

പരലോകത്തിന്റെ സത്യതയെ അറിയിക്കുന്ന രേഖകളും തെളിവുകളും അല്ലാഹു തന്നെ സ്ഥാപിച്ചിട്ടുണ്ട്. യാതൊരു സംശയവും അതിൽ ശേഷിക്കുന്നില്ല. ശ്രദ്ധിച്ചു കേൾക്കുന്ന ഒരാൾക്കും തന്നെ.

27). സത്യനിഷേധികൾക്ക് കളവാക്കാൻ ഇഹലോകത്തേ കഴിയൂ. പ്രതിഫല ദിനമെത്തുമ്പോൾ അവർ ശിക്ഷയെക്കാണും. (സമീപസ്ഥമായി) അടുത്ത്. അതവർക്ക് ദോഷം വരുത്തും. അവരെ വഷളാക്കും. അസ്വസ്ഥരാക്കും. അപ്പോൾ അവരുടെ മുഖം വിവർണമാകും. അവരുടെ നിഷേധത്തിൽ അവർ അപമാനിതരാവും. അവരോട് പറയപ്പെടും: (നിങ്ങൾ ഏതൊന്നിനെക്കുറിച്ച് വാദിച്ചുകൊണ്ടിരിക്കുന്നുവോ അതാകുന്നു ഇത്) ഇന്നിതാ അതിനെ നിങ്ങൾ നേർക്കുനേർ കണ്ടു. കാര്യം നിങ്ങൾക്കു വ്യക്തമായി. എല്ലാ ബന്ധങ്ങളും നിങ്ങൾക്ക് നഷ്ടമായി. ശിക്ഷയെ അഭിമുഖീകരിക്കുകയല്ലാതെ മറ്റൊന്നും അവേശേഷിക്കുന്നില്ല.

28). പ്രവാചകനെ കളവാക്കുന്നവർ, അദ്ദേഹത്തിന്റെ പ്രബോധനത്തെ തള്ളിക്കളയുന്നവർ, അദ്ദേഹത്തിന്റെ നാശം പ്രതീക്ഷിക്കുന്നവർ, കാലവിപത്ത് വരാൻ കാത്തിരിക്കുന്നവർ; അവരോട് പറയാൻ അല്ലാഹു കൽപിക്കുന്നു: 'നിങ്ങളുടെ ആഗ്രഹം സാധ്യമാവുകയില്ല. എന്നെയും എന്റെ കൂടെയുള്ളവരെയും അല്ലാഹു നശിപ്പിക്കുകയും ചെയ്താൽ അത് നിങ്ങൾക്ക് യാതൊരു പ്രയോജനവും ഉണ്ടാക്കുകയില്ല. കാരണം നിങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവരാണ്. ശിക്ഷക്ക് അർഹതപ്പെട്ടവരാണ്. ശിക്ഷ നിങ്ങൾക്ക് അനിവാര്യമായാൽ ആ വേദനയേറിയ ശിക്ഷയിൽ നിന്ന് നിങ്ങളെ രക്ഷിക്കാൻ ആരാണുള്ളത്? ആകയാൽ എന്റെ നാശത്തിനു വേണ്ടിയുള്ള നിങ്ങളുടെ അഗ്രഹവും കഷ്ടപ്പാടും നിങ്ങൾക്ക് യാതൊരു പ്രയോജനവും ചെയ്യാത്തതാണ്.' അവരുടെ മറ്റൊരു വാദം അവർ സന്മാർഗത്തിലും പ്രവാചകൻ വഴികേടിലുമാണെന്നതാണ്. അത്അവർ ആവർത്തിക്കുകയും വ്യക്തമാക്കുകയും ചെയ്തു. അതിലവർ തർക്കിക്കുകയും ഏറ്റുമുട്ടുകയും ചെയ്തു.

29). അപ്പോൾ അല്ലാഹു തന്റെ പ്രവാചകനോട് തന്റെയും തന്റെ അനുയായികളുടെയും അവസ്ഥ പറയാൻ പറഞ്ഞു. അവരുടെ ധർമനിഷ്ഠയും നേർമാർഗവും വ്യക്തമാക്കുന്നതിന് വേണ്ടിയാണത്. (അവനാകുന്നു പരമകാരുണികൻ. അവനിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവന്റെ മേൽ ഞങ്ങൾ ഭരമേൽപിക്കുകയും ചെയ്തിരിക്കുന്നു) വിശ്വാസം ആന്തരികമായ സത്യപ്പെടുത്തലും ബാഹ്യവും ആന്തരികവുമായ പ്രവർത്തനങ്ങളെ ഉൾക്കൊള്ളുന്നതുമാണ്.

പ്രവർത്തനങ്ങളുണ്ടാകുന്നതും പൂർണമാകുന്നതുമെല്ലാം അല്ലാഹുവിൽ ഭരമേൽപിക്കലുമായി ബന്ധപ്പെട്ടതാണ്. തവക്കുലിനെ മറ്റു പ്രവർത്തനങ്ങളെക്കാളും അല്ലാഹു പ്രത്യേകമാക്കി. മാത്രമല്ല, അത് വിശ്വാസത്തിന്റെ ഭാഗമാണ്. അതിന്റെ അനിവാര്യതയിൽ പെട്ടതും കൂടിയാണ്.

وَعَلَى ٱللَّهِ فَتَوَكَّلُوٓاْ إِن كُنتُم مُّؤْمِنِينَ

"നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവിൽ നിങ്ങൾ ഭരമേൽപിക്കുക"(5:23).

പ്രവാചകന്റെയും അദ്ദേഹത്തെ പിൻപറ്റിയവരുടെയും അവസ്ഥ ഇതാണെങ്കിൽ അതു തന്നെയാണ് വിജയത്തിന് നിശ്ചയിക്കപ്പെട്ട അവസ്ഥയും. അതിലാണ് സൗഭാഗ്യം നിലകൊള്ളുന്നത്. ശത്രുക്കളുടെ അവസ്ഥയാകട്ടെ, ഇതിന് നേർവിപരീതവും. അവർക്ക് വിശ്വാസവും തവക്കലുമില്ല. അവരാണ് വഴികേടിലെന്നും സന്മാർഗത്തിലെന്നും ഇതിൽ നിന്ന് മനസ്സിലാക്കാം.

അനുഗ്രഹദാതാവ് അല്ലാഹു മാത്രമാണെന്ന് തുടർന്ന് അറിയിക്കുന്നു. പ്രത്യേകിച്ച് ജീവനുള്ളതെല്ലാം. പിന്നീട് അവന് മാത്രം നൽകാൻ കഴിയുന്ന അനുഗ്രഹങ്ങളെക്കുറിച്ച് പറയുന്നു. പ്രത്യേകിച്ചും വെള്ളത്തെക്കുറിച്ച്. എല്ലാ ജീവനുള്ളതിനെയും അതിൽ നിന്നാണ് സൃഷ്ടിച്ചത്.

30). (പറയുക: നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ. നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ആരാണ് നിങ്ങൾക്ക് ഒഴുകുന്ന ഉറവ വെള്ളം കൊണ്ടുവന്നു തരിക?) നിങ്ങൾ കുടിക്കുന്ന, നാൽക്കാലികളെയും മരങ്ങളെയും ചെടികളെയും നനയ്ക്കുന്ന. ഇത് നിഷേധത്തെക്കുറിക്കുന്ന ചോദ്യമാണ്. അതായത് അല്ലാഹുവിനല്ലാത്ത ഒരാൾക്കും അതിന് കഴിയില്ല.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

# സുന്ദരക്കാഴ്ചകൾ

ആയിരമായിരം നക്ഷത്രപ്പൂക്കളെ
ആരാണു വിണ്ണിൽ വിതറിയത്?
ആർക്കാണവയുടെ എണ്ണമറിയുക
ആഴത്തിൽ ചിന്തിക്കൂ കൂട്ടുകാരേ!

ആശ്ചര്യമേകുന്നു സൂര്യനും ചന്ദ്രനും
ആകാശഗോളങ്ങൾ എത്രയെത്ര!
ആശയുണ്ടെങ്കിലും ആകാശ ലോകത്ത്
ആശപോലെത്തുവാൻ ആവുകില്ലാ!

ആഴക്കടലുകൾ അതിലെ തിരകളും
ആർക്കാണു കണ്ടാൽ മതിവരിക?
ആനന്ദമേകുന്ന കാഴ്ചകൾ ഭൂമിയിൽ
ആവോളമുണ്ടല്ലോ കാണുവാനായ്

ആരാണൊരുക്കിയതിക്കാഴ്ചയൊക്കെയും
ആരുമേയല്ലെന്നു ചൊല്ലിടാമോ?
ആരാധ്യനേകനാം അല്ലാഹുവാണല്ലോ
ആശ്ചര്യലോകം പടച്ചു വെച്ചു!



WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

Tel: 0495 4019437

# വിപണിയിൽ...




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 | ഹുസൈൻ സലഫി / ₹ 120 |
| 2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന | സുഫ്‌യാൻ അബ്ദുസ്സലാം / ₹ 180 |
| 3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് | പി.വി.എ പ്രിംറോസ് / ₹ 90 |
| 4. വാടാമലരുകൾ (കുട്ടിക്കവിതകൾ) | ഉസ്മാൻ പാലക്കാഴി / ₹ 80 |
| 5. പൂമരത്തണൽ (ഗുണപാഠ കഥകൾ) | റാഷിദ ബിൻത് ഉസ്മാൻ / ₹ 100 |
| 6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) | ഉസ്മാൻ പാലക്കാഴി / ₹ 100 |

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 FEBRUARY 22

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

**Economics**

Despite recent dramatic improvements, one of humanity's most urgent issues is the reduction of global poverty, in all its forms. More than 700 million people still subsist on extremely low incomes. The research conducted by Abhijit Banerjee, Esther Duflo & Michael Kremer has considerably improved the ability to fight global poverty. In just two decades, their new experiment-based approach has transformed development economics, which is now a flourishing field of research.

**Medicine**

The fundamental importance of oxygen has been understood for centuries, but how cells adapt to changes in oxygen levels has long been unknown. This year's Nobel Prize awarded work reveals the molecular mechanisms that underlie how cells adapt to variations in oxygen supply, a statement from the Nobel Assembly at Sweden's Karolinska Institute said

**Engineering**

There is nothing I believe more strongly than getting young people interested in science and engineering, for a better tomorrow, for all humankind." – Bill Nye (science educator, former mechanical engineer)

**Education**

The function of education is to teach one to think intensively and to think critically. Intelligence plus character - that is the goal of true education.
– Martin Luther King, Jr.

PROFESSIONAL STUDENTS GLOBAL CONFERENCE 24

**Research**

No research is ever quite complete. It is the glory of a good bit of work that it opens the way for something still better, and this repeatedly leads to its own eclipse
– MervinGordon

**Management**

Corporate culture matters. How management chooses to treat its people impacts everything - for better or for worse.
– Simon Sinek

**Physics**

The Nobel Prize in Physics 2019 was awarded "for contributions to our understanding of the evolution of the universe and Earth's place in the cosmos" with one half to James Peebles "for theoretical discoveries in physical cosmology", the other half jointly to Michel Mayor and Didier Queloz "for the discovery of an exoplanet orbiting a solar-type star.

**Chemistry**

Lithium-ion batteries have revolutionised the world of technology. The batteries power everyday products such as smartphones, laptops and even electric vehicles. The 2019 Nobel Prize in Chemistry has been awarded to John B. Goodenough, M. Stanley Whittingham and Akira Yoshino "for the development of lithium-ion batteries"

**Environment**

Although Nature needs thousands or millions of years to create a new species, man needs only a few dozen years to destroy one

TO THE RIGHT GOAL, THROUGH THE RIGHT PATH

24th WISDOM
PROFCON
PROFESSIONAL STUDENTS GLOBAL CONFERENCE

2020 MARCH 13 14 15 KOLLAM

peaceradio Tune to reality | WISDOM ISLAMIC STUDENTS ORGANIZATION | CV Complex PV Sami Road, Kozhikode 8156812292 | www.profcon.in wisdomstudents wisdomglobaltv